# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA IDK 8-67/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 22/03/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA IDK 8-67/22 തീയ്യതി: 22/03/2022

## ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സി.ആർ. ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 30-12-2021 | 07-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 30-12-2021 | 07-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ടി.എസ്.ധനജയൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.വി.ജി.സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.ജോസഫ് ചാക്കോ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.എം.കെ.അഭിലാഷ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.ബെന്നി മാത്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.എബി ഏബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ടി.ടി.മുഹമ്മദ് ഫാസിൽ ,സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ശാന്തി ഹരിദാസ് | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| ഭരണ നിർവ്വഹണ കമ്മറ്റി | പ്രസിഡന്റ് | 01-11-2020 | 29-12-2020 |
| ശ്രീമതി.കെ.എം.ഉഷ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.എസ് .എൻ .അജിത്ത് | സെക്രട്ടറി | 01-04-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പ്രശാന്ത് .ബി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.ഗണേശൻ | വെറ്ററിനറി സർജൻ | 01-04-2020 | 29-12-2020 |
| ഡോ.ശിൽപ.വി.എസ് | വെറ്ററിനറി സർജൻ | 30-12-2020 | 31-03-2021 |
| ശ്രീമതി. ജിബി പോൾ | ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ് | 01-04-2020 | 31-03-2021 |
| ഡോ.ഡോൺബോസ്കോ | മെഡിക്കൽ ഓഫീസർ .സി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.ഡോണ ഏബ്രഹാം | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2020 | 15-11-2020 |
| ഡോ.അഞ്ചു.സി.പി | മെഡിക്കൽ ഓഫീസർ ആയുർവേദം | 16-11-2020 | 31-03-2021 |
| ശ്രീ.ഷാഹുൽ അഹമ്മദ്.എസ് | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.ത്യാഗരാജൻ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഉഷ രാജു | ഐ.സ്.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.അഭിലാഷ്.പി.ശശി | അസി.എൻജിനിയർ | 01-04-2020 | 31-03-2021 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Joseph Chacko (Asst. Audit Officer, On 31-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 23-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Joseph Chacko (Asst. Audit Officer, On 31-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 23-03-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Joseph Chacko (Asst. Audit Officer, On 31-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 23-03-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Joseph Chacko (Asst. Audit Officer, On 31-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 23-03-2022) | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.S.Dhanajayan (Audit Officer, On 07-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 05-03-2022) | 1-5 |
| 6 | ക്ഷേമപദ്ധതികൾ<br>Written By: M.K.Abhilash (Asst. Audit Officer, On 30-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 05-03-2022) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: T.S.Dhanajayan (Audit Officer, On 07-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 05-03-2022) | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം<br>Written By: T.S.Dhanajayan (Audit Officer, On 07-01-2022)<br>Last Updated By: T.S.Dhanajayan (Audit Officer, On 22-03-2022) | 1-8 |
| 9 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Joseph Chacko (Asst. Audit Officer, On 10-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 23-03-2022) | 1-9 |
| 10 | ഇറച്ചി വ്യാപാര കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 06-01-2022)<br>Last Updated By: T.S.Dhanajayan (Audit Officer, On 22-03-2022) | 1-10 |
| 11 | റദ്ദാക്കിയ സാംഖ്യ രസീതി പ്രകാരമുള്ള തുക വസ്തുനികുതി ഇനത്തിൽ വരവ് വച്ചിരിക്കുന്നു.<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 06-01-2022)<br>Last Updated By: T.S.Dhanajayan (Audit Officer, On 22-03-2022) | 1-11 |
| 12 | വാടക പൂർണ്ണമായും ഈടാക്കിയില്ല<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 06-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 11-03-2022) | 1-12 |
| 13 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: M.K.Abhilash (Asst. Audit Officer, On 09-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 23-03-2022) | 1-13 |
| 14 | ടാറിംഗ് പ്രവൃത്തികൾ - കാലിവീപ്പ വില ഈടാക്കിയില്ല<br>Written By: T.S.Dhanajayan (Audit Officer, On 09-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 23-03-2022) | 1-14 |
| 15 | മരുന്നുകൾ ലഭിച്ചില്ല.<br>Written By: Eby Abraham (Senior Grade Auditor, On 06-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 23-03-2022) | 1-15 |
| 16 | കുടുംബശ്രീ ജനകീയ ഹോട്ടലിന് റിവോൾവിംഗ് ഫണ്ട് -തിരിച്ചടവു വിവരങ്ങൾ നിരീക്ഷിക്കുന്നതിനു സംവിധാനമില്ല<br>Written By: V G Sajimon (Audit Officer, On 09-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 05-03-2022) | 1-16 |
| 17 | നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ വിവരങ്ങളില്ല<br>Written By: V G Sajimon (Audit Officer, On 09-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 23-03-2022) | 1-17 |
| 18 | NHM ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ -വിതരണ ഏജൻസി ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല<br>Written By: V G Sajimon (Audit Officer, On 09-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 23-03-2022) | 1-18 |
| 19 | വാർഡ് 6 -ലക്ഷം വീട് കുടിവെള്ള പദ്ധതി- പദ്ധതി ഫലപ്രാപ്തിയിൽ എത്തിയില്ല<br>Written By: T.S.Dhanajayan (Audit Officer, On 09-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 23-03-2022) | 1-19 |
| 20 | മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ - അധിക തുക നൽകിയിരിക്കുന്നു.<br>Written By: T.S.Dhanajayan (Audit Officer, On 09-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 16-03-2022) | 1-20 |
| 21 | ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട്- പദ്ധതി നടത്തിപ്പിൽ അപാകതകൾ | 1-21 |

| | | |
|---|---|---|
| | Written By: Benny Mathew (Auditor, On 09-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 23-03-2022) | |
| 22 | ജൈവവള നിർമ്മാണ യൂണിറ്റും അനുബന്ധ പ്രവർത്തനങ്ങളും- പദ്ധതി നടത്തിപ്പിൽ അപാകതകൾ<br>Written By: Benny Mathew (Auditor, On 10-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 16-03-2022) | 1-22 |
| 23 | മാലിന്യ നിർമ്മാർജ്ജന പ്രവർത്തനം- പദ്ധതി നടത്തിപ്പിൽ അവ്യക്തത-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Benny Mathew (Auditor, On 09-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 23-03-2022) | 1-23 |
| 24 | കർഷക ഗ്രൂപ്പുകൾക്കുള്ള റിവോൾവിംഗ് ഫണ്ട്-തിരിച്ചടവ് ഉറപ്പ് വരുത്തേണ്ടതാണ്.<br>Written By: Benny Mathew (Auditor, On 09-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 16-03-2022) | 1-24 |
| 25 | ജൈവ പച്ചക്കറികൃഷി (മൺചട്ടിയിൽ)- യൂണിറ്റ് കോസ്റ്റിൽ അധിക നിരക്കിൽ തുക അനുവദിച്ചു<br>Written By: Benny Mathew (Auditor, On 09-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 23-03-2022) | 1-25 |
| 26 | തേനീച്ച വളർത്തൽ- യൂണിറ്റ് കോസ്റ്റിൽ അധികരിച്ച നിരക്കിൽ തുക അനുവദിച്ചു<br>Written By: Benny Mathew (Auditor, On 09-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 16-03-2022) | 1-26 |
| 27 | മാലിന്യ പരിപാലന സൊസൈറ്റിക്ക് റിവോൾവിംഗ് ഫണ്ട്- പദ്ധതി നടത്തിപ്പിൽ അപാകതകൾ<br>Written By: Benny Mathew (Auditor, On 09-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 16-03-2022) | 1-27 |
| 28 | തുക അടവ് വരുത്തിയിട്ടും വിത്തുകളും തൈകളും ലഭിച്ചില്ല<br>Written By: Benny Mathew (Auditor, On 09-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 16-03-2022) | 1-28 |
| 29 | ടെണ്ടർ നടപടികൾ ഒഴിവാക്കി നിർവ്വഹണം നടത്തി<br>Written By: M.K.Abhilash (Asst. Audit Officer, On 09-01-2022)<br>Last Updated By: T.S.Dhanajayan (Audit Officer, On 22-03-2022) | 1-29 |
| 30 | ഓഡിറ്റ് സൂപ്പർവൈസറുടെ അംഗീകാരം ഇല്ലാതെ ശമ്പളം മാറി-₹255240 ചെലവ് തടസ്സം<br>Written By: M.K.Abhilash (Asst. Audit Officer, On 09-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 16-03-2022) | 1-30 |
| 31 | ₹10000/- ൽ അധികരിച്ച് പെറ്റി വേലകൾ നടത്തിയത്<br>Written By: M.K.Abhilash (Asst. Audit Officer, On 09-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 05-03-2022) | 1-31 |
| 32 | തുണി സഞ്ചി, പേപ്പർകവർ, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് - റിവോൾവിംഗ് ഫണ്ട് - തിരിച്ചടവ് വിവരം ലഭ്യമല്ല<br>Written By: Joseph Chacko (Asst. Audit Officer, On 10-01-2022)<br>Last Updated By: T.S.Dhanajayan (Audit Officer, On 22-03-2022) | 1-32 |
| 33 | വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു<br>Written By: Joseph Chacko (Asst. Audit Officer, On 10-01-2022)<br>Last Updated By: T.S.Dhanajayan (Audit Officer, On 22-03-2022) | 1-33 |
| 34 | വെള്ളക്കരം അടവാക്കാത്തത്<br>Written By: M.K.Abhilash (Asst. Audit Officer, On 09-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 16-03-2022) | 1-34 |
| 35 | തെരുവ് വിളക്കുകൾ- അവലോകനം<br>Written By: M.K.Abhilash (Asst. Audit Officer, On 09-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 05-03-2022) | 1-35 |
| 36 | അങ്കണവാടികൾക്ക് പാത്രങ്ങൾ വാങ്ങൽ - അപാകതകൾ<br>Written By: Joseph Chacko (Asst. Audit Officer, On 10-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 16-03-2022) | 1-36 |
| 37 | ഫെസ്റ്റിവൽ അഡ്വാൻസ് - തിരികെ ലഭിക്കാനുള്ളത് - ₹13000/-<br>Written By: Joseph Chacko (Asst. Audit Officer, On 06-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 16-03-2022) | 1-37 |
| 38 | മാലിന്യ പരിപാലന പ്രവർത്തനങ്ങൾ- പദ്ധതി നടത്തിപ്പിൽ അപാകതകൾ<br>Written By: Benny Mathew (Auditor, On 12-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 11-03-2022) | 1-38 |
| 39 | ഈ-ടെൻഡർ ഫോം വില, നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല<br>Written By: T.S.Dhanajayan (Audit Officer, On 12-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 09-03-2022) | 1-39 |
| | ഭാഗം **2** | |
| 1 | കുത്തകക്കാരുമായി കരാർ ചമച്ചില്ല- ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ ഗ്രാമപഞ്ചായത്തിന് ₹326466/-നഷ്ടം<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 08-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 16-03-2022) | 2-1 |
| | ഭാഗം **3** | |
| 1 | മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ - അധിക തുക നൽകിയിരിക്കുന്നു | 3-1 |

| | | |
|---|---|---|
| | Written By: T.S.Dhanajayan (Audit Officer, On 09-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 16-03-2022) | |
| 2 | ജൈവ പച്ചക്കറികൃഷി (മൺചട്ടിയിൽ)- യൂണിറ്റ് കോസ്റ്റിൽ അധിക നിരക്കിൽ തുക അനുവദിച്ചു<br>Written By: T.S.Dhanajayan (Audit Officer, On 09-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 16-03-2022) | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Benny Mathew (Auditor, On 30-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 09-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ധനസഹായം<br>Written By: Eby Abraham (Senior Grade Auditor, On 06-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 09-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.S.Dhanajayan (Audit Officer, On 11-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 09-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Benny Mathew (Auditor, On 30-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 09-03-2022) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: M.K.Abhilash (Asst. Audit Officer, On 30-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 09-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: M.K.Abhilash (Asst. Audit Officer, On 30-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 09-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 05-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 09-03-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Benny Mathew (Auditor, On 30-12-2021)<br>Last Updated By: Shyni M.R (Computer Assistant, On 16-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Benny Mathew (Auditor, On 30-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 09-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Benny Mathew (Auditor, On 30-12-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 22-03-2022) | 4-10 |
| 11 | തീർപ്പാക്കാനുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Benny Mathew (Auditor, On 30-12-2021)<br>Last Updated By: Shyni M.R (Computer Assistant, On 16-03-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

21.03.2020-ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിച്ച 2020-21 വർഷത്ത കരട് ബജറ്റ് 26.03.2020-ല പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് പാസാക്കിയിട്ടുണ്ട്. പ്രസ്തുത ബജറ്റ് പ്രകാരം 2,36,83,977/- മുന്നിരിപ്പും ₹36,09,09,000/- വരവും ₹35,85,34,000/- ചെലവും ₹2,60,58,977/- മിച്ചവും പ്രതീക്ഷിച്ചിരുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 19.01.2021-ല III(i)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച റിവൈസ്ഡ് ബജറ്റ് 25.01.2021-ല പഞ്ചായത്ത് കമ്മിറ്റിയുടെ II(i) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരം 21 ചെലവിനങ്ങളില തുകകളിലായി ആകെ 1933750/- വ്യത്യാസം വന്നിട്ടുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് പ്രൊപ്പോസലുകൾ 05.02.2019-ൽ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, മറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രൊപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 5.2.2020-ല III-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച റിവൈസ്ഡ് ബജറ്റ് 13.03.2020-ല പഞ്ചായത്ത് കമ്മിറ്റിയുടെ V(i) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, പുതുക്കിയ ബജറ്റ് ഫയലും അനുബന്ധ രേഖകളും ലഭ്യമല്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എല്ലാ മാസവും ബജറ്റ് അവലോകനം നടത്തുന്നില്ല. അതിനാൽ, 2019-20-ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ്-ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുക ₹ | വാർഷിക കണക്കുകൾ പ്രകാരമുള്ള തുക ₹ | വ്യത്യാസം₹ |
|---|---|---|---|---|
| | വരവിനം | | | |
| 1 | തൊഴിൽ നികുതി | 3500000 | 2043030 | 1456970 |
| 2 | വാടക | 3300000 | 7000 | 3293000 |
| 3 | ഫീസുകൾ | 4975000 | 252891 | 4722109 |
| 4 | വിൽപന/ആംബലൻസ് വാടക | 1925000 | 407201 | 1517799 |
| | ചെലവിനം | | | |

| | | | | |
|---|---|---|---|---|
| 1 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 26800000 | 5426718 | 21373282 |
| 2 | ഭരണ ചെലവുകൾ | 6225000 | 3214137 | 3010863 |
| 3 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 7800000 | 6607346 | 1192654 |
| 4 | പ്ലാൻ-ഉല്പാദന മേഖല | 14994250 | 9812394 | 5181856 |
| 5 | പ്ലാൻ-സേവന മേഖല | 124755000 | 44113344 | 80641656 |
| 6 | പശ്ചാത്തല മേഖല | 16400000 | 11891574 | 4508426 |

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 06.05.2021 | .. | ... |

## 1-3 ഗ്രാന്റ് വിനിയോഗം

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് / ലാപ്സായ തുക ₹ |
|---|---|---|---|---|---|
| പൊതു വിഭാഗം (ACR പ്രകാരം) | 0 | 43327703 | 43327703 | 39182249 | 4145454 |
| എസ്.സി.പി (ACR പ്രകാരം) | 0 | 40525882 | 40525882 | 34743498 | 5782384 |
| റ്റി.എസ്.പി (ACR പ്രകാരം) | 0 | 1290491 | 1290491 | 444852 | 845639 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Basic Grant) (ACR പ്രകാരം) | 0 | 39805409 | 39805409 | 23560403 | 16245006 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Grant) (ACR പ്രകാരം) | 0 | 18330000 | 18330000 | 8139642 | 10190358 |
| റോഡ് (ACR പ്രകാരം) | 0 | 3925000 | 3925000 | 3881851 | 43149 |
| റോഡിതരം (ACR പ്രകാരം) | 0 | 7769613 | 7769613 | 6410518 | 1359095 |
| പശ്ചിമ ഘട്ട വികസന പദ്ധതി (320100119) | 500000 | 0 | 500000 | 0 | 500000 |
| ഐ.സി.ഡി.എസ് (320100121) | 3463495 | 2623545 | 6087040 | 3549467 | 2537573 |
| പട്ടികവർഗ്ഗ വികസനം (320200214) | 69092 | | 69092 | 0 | 69092 |
| ശബരിമല സ്പെഷ്യൽ ഫണ്ട് (320200301) | 85815 | 450000 | 535815 | 0 | 535815 |
| അംഗനവാടി വൈദ്യുതി (320200304) | 22000 | 0 | 22000 | 0 | 22000 |
| കുടിവെള്ളപദ്ധതി ഗ്രാന്റ് (320200305) | 511327 | 0 | 511327 | 211608 | 299719 |
| ശുചിത്വമിഷൻ (320200322) | 9641401 | 4325481 | 13966882 | 890716 | 13076166 |
| കേരളോത്സവം (320200323) | 22 | | 22 | 0 | 22 |
| പഞ്ചായത്ത് ഇലക്ഷൻ (320200399) | 0 | 42388 | 42388 | 34400 | 7988 |
| സമ്പൂർണ്ണ ശുചിത്വം (320300103) | 81050 | 0 | 81050 | 0 | 81050 |
| ലൈഫ് ഗ്രാന്റ് (320300199) | 1960603 | 35100000 | 37060603 | 0 | 37060603 |
| വിമുക്തി/ODF (320800199) | 199190 | 0 | 199190 | 102700 | 96490 |
| നിർമ്മൽ പുരസ്കാരം (320900101) | 250000 | | 250000 | 0 | 250000 |

ഗ്രാന്റുകൾ ചെലവഴിക്കാതെ നഷ്ടമായത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2020-21 വർഷം ഗ്രാമപഞ്ചായത്തിന് വികസനപ്രവർത്തനങ്ങൾക്കായി അനുവദിച്ച 15.48 കോടി രൂപയിൽ 11.63 കോടി രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. 3.86 കോടി രൂപ പഞ്ചായത്തിന് നഷ്ടമായി.

പട്ടികവർഗ പദ്ധതികൾക്കായി ലഭിച്ച തുകയിൽ 34.47% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Basic Grant) ഇനത്തിൽ 1.62 കോടിയും, ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ (പെർഫോർമൻസ് ഗ്രാന്റ്) 1.01 കോടി രൂപയും നഷ്ടമായി. വിശദവിവരം

ചുവടെ ചേർക്കുന്നു.

| ഇനം | വരവ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് / ലാപ്സായ തുക ₹ | ചെലവ് % | ലാപ്സ് % |
|---|---|---|---|---|---|
| പൊതു വിഭാഗം (ACR പ്രകാരം) | 43327703 | 39182249 | 4145454 | 90.43 | 9.57 |
| എസ്.സി.പി (ACR പ്രകാരം) | 40525882 | 34743498 | 5782384 | 85.73 | 14.27 |
| റ്റി.എസ്.പി (ACR പ്രകാരം) | 1290491 | 444852 | 845639 | 34.47 | 65.53 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Basic Grant) (ACR പ്രകാരം) | 39805409 | 23560403 | 16245006 | 59.19 | 40.81 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (പെർഫോർമൻസ് ഗ്രാന്റ്) | 18330000 | 8139642 | 10190358 | 44.401 | 55.59 |
| റോഡ് (ACR പ്രകാരം) | 3925000 | 3881851 | 43149 | 98.90 | 1.10 |
| റോഡിതരം (ACR പ്രകാരം) | 7769613 | 6410518 | 1359095 | 82.50 | 17.49 |
| | 154974098 | 116363013 | 38611085 | 75.09 | 24.91 |

സർക്കാർ ഉത്തരവുകൾ പ്രകാരം സ്രോതസ്സിൽ നിന്നു കുറവ് ചെയ്ത തുകകളുടെ വിവരങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പടുത്തിയിട്ടില്ല. ആയതിനാൽ ഗ്രാന്റ് തുകകളുടെ കൃത്യമായ വിവരങ്ങളല്ല സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 354 | 496151006 | 277 | 192338685 | 0 | 77 | 78.25% |

1.നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ (എണ്ണം) | നടപ്പാക്കാത്ത പദ്ധതികൾ (എണ്ണം) | അടങ്കൽ ₹ | ചെലവ് ₹ | ചെലവ്ശതമാനം % |
|---|---|---|---|---|---|---|
| 1. സെക്രട്ടറി | 47 | 37 | 10 | 42754872 | 36808168 | 86.09 |
| 2. അസി. സെക്രട്ടറി | 16 | 14 | 2 | 12862500 | 8375102 | 65.11 |
| 3. അസിസ്റ്റന്റ് എൻജിനീയർ | 223 | 179 | 44 | 105687658 | 70866069 | 67.05 |
| 4. കൃഷി ഓഫീസർ | 13 | 11 | 2 | 9963075 | 3316154 | 33.28 |
| 5. വെറ്ററിനറി സർജൻ | 14 | 11 | 3 | 12159140 | 3706394 | 30.48 |
| 6. വി.ഇ.ഒ | 9 | 7 | 2 | 296475633 | 57569582 | 19.42 |
| 7. എം.ഒ പിഎച്ച് സി | 9 | 2 | 7 | 1725000 | 738680 | 42.82 |
| 8. എം.ഒ ആയുർവ്വേദം | 3 | 3 | 0 | 1025000 | 1000790 | 97.64 |
| 9. ഐ സി ഡി എസ് | 13 | 11 | 2 | 11544295 | 9359537 | 81.07 |
| 10. ഹെഡ്മാസ്റ്റർ | 7 | 2 | 5 | 1953833 | 598209 | 30.62 |
| ആകെ | 354 | 277 | 77 | 496151006 | 192338685 | 38.77 |

ആകെ അംഗീകാരം ലഭിച്ച 354 പദ്ധതികളിൽ 277 (78%) പദ്ധതികളാണ് നടപ്പാക്കിയത്. ആകെ അടങ്കൽ വെച്ചിരുന്നതിൽ 38.77% മാത്രമാണ് ചെലവ് വന്നത്. മരാമത്ത് പ്രവൃത്തികളിൽ 67% ചെലവ് വന്നിട്ടുള്ളത്. പദ്ധതി തുകകൾ ലാപ്സാകാതെ പൂർണ്ണമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതികൾ തയ്യാറാക്കുമ്പോൾ നടപ്പാക്കാൻ കഴിയുന്ന പദ്ധതികൾ മാത്രം ഏറ്റെടുക്കേണ്ടതാണ്. പഞ്ചായത്തിന്റെ വികസനത്തിന് ലഭിക്കുന്ന തുകകൾ നഷ്ടമാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3472 | 1378632 | 1382104 | 1376000 | 6104 |
| ഉണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 68241368 | 68241368 | 68241368 | 0 |

## 1-6 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1192800 | 76 |
| വിധവാപെൻഷൻ | 23969600 | 1700 |
| വാർദ്ധക്യകാല പെൻഷൻ | 60614100 | 3830 |
| വികലാംഗ പെൻഷൻ | 6402100 | 405 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 163900 | 12 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.01.2022ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 13018/- ( പതിമൂവായിരത്തി പതിനെട്ട് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

1. ഓഫീസ് സംവിധാനം- 6ക്ലർക്കുമാരും 3 സീനിയർ ക്ലർക്കുമാരും 2 ഓഫീസ് അറ്റൻഡന്റുമാരും 8 ഫുൾടൈം സ്വീപ്പർമാരും 1ടെക്നിക്കൽ അസിസ്റ്റന്റും 1അക്കൗണ്ടന്റും 1 ജൂനിയർ സൂപ്രണ്ടും 1 അസിസ്റ്റന്റ് 1സെക്രട്ടറിയും സെക്രട്ടറിയും ഉൾപ്പെടുന്നതാണ്. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.
2. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല.

3. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.

4. തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സയുക്ത പരിശോധന നടത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല.

5. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നു. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഫയലുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ടെണ്ടറുകളിൽ വ്യാപകമായ രീതിയിൽ വെട്ടിത്തിരുത്തലുകൾ കാണപ്പെടുന്നു. മാലിന്യനിർമ്മാർജ്ജനത്തിനായി സമാന്തര സൊസൈറ്റിക്ക് പണം നൽകിയിട്ടുള്ളതായി കാണുന്നു. വാങ്ങൽ പ്രക്രിയകളിൽ ആവശ്യമായ കരുതലുകൾ സ്വീകരിക്കുന്നില്ല.

<u>ഫ്രണ്ട് ഓഫീസ് പ്രവർത്തനം.</u>

ലഭിക്കുന്ന തപാലുകൾ കൃത്യമായി ഫ്രണ്ട് ഓഫീസിൽ നിന്ന് സൂചിക സോഫ്റ്റ് വെയറിൽ ഡിസ്ട്രിബ്യൂഷൻ നടത്തുന്നുണ്ട്. എന്നാൽ ബാക്ക് ഓഫീസിൽ ഫയലുകളുടെ നീക്കം കൃത്യമായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ യാതൊരു സംവിധാനവുമില്ല. സൂപ്പർവൈസറി തലത്തിൽപെട്ടവരുടെ ശരിയായ മോണിട്ടറിംഗ് നടക്കുന്നില്ല.

ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ- സൂചിക സോഫ്റ്റ് വെയറിൽ നിന്ന് എടുത്ത് സൂക്ഷിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ -ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിച്ച് നൽകുന്ന രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് ഡയറി-ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ - കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുകയോ മേൽപരിശോധന നടത്തുകയോ ചെയ്യുന്നില്ല.

## 1-9 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാർഷിക കണക്കുകളുടെ പരിശോധനയിൽ ശ്രദ്ധിക്കപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.
1. ശുചിത്വ മിഷൻ ഗ്രാന്റ് ഇനത്തിൽ താഴെ പറയും പ്രകാരം വരവ് ചെലവുകളുണ്ട്

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് തുക ₹ |
|---|---|---|---|---|---|
| ശുചിത്വമിഷൻ (320200322) | 9641401 | 4325481 | 13966882 | 890716 | 13076166 |

എന്നാൽ ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയിൽ RP 31 ഷെഡ്യൂളിൽ ചെലവ് പൂജ്യം ("0") ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിന് കാരണം വ്യക്തമല്ല. കറക്ഷൻ എൻട്രികൾ നടത്തുമ്പോൾ അതിന് അടിസ്ഥാനമാകുന്ന രേഖകളുടെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1. വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ B-4 പത്രികയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റിനത്തിൽ ₹5,96,07,899/- നീക്കിയിരിപ്പുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ B-17 പത്രികയിൽ തനത് ഫണ്ട് ഉൾപ്പെടെ ആകെ (ബാങ്ക് + ക്യാഷ് ) ₹2,19,23,676/- മാത്രമാണ് നീക്കിയിരിപ്പുള്ളത്. ₹37684223/-യുടെ കുറവാണ് വന്നിട്ടുള്ളത്. ഇങ്ങനെ സംഭവിക്കുവാനുണ്ടായ കാരണം വ്യക്തമല്ല.

2. B-4 പത്രിക പ്രകാരം നീക്കിയിരിപ്പുള്ള ₹5,96,07,899/- ഏത് ബാങ്കുകളിലാണ് നിക്ഷേപിച്ചിരിക്കുന്നത് എന്ന് വ്യക്തമല്ല.

3. B-17 പത്രികയിൽ 5 ബാങ്ക് അക്കൗണ്ടുകൾ (NREGA ഒഴികെ) നിലവിൽ ഉള്ളതായി കാണിച്ചിട്ടുണ്ട്. ഈ അക്കൗണ്ടുകൾ ഏത് ആവശ്യങ്ങൾക്ക് വേണ്ടി തുറന്നതാണെന്നും ഇതിൽ തനത്ഫണ്ട് അക്കൗണ്ടുകളായി ഉപയോഗിക്കുന്നത് ഏത് അക്കൗണ്ടുകളാണെന്നും അറിയിച്ചിട്ടില്ല.

4. പോസ്റ്റ് ഓഫീസ് അക്കൗണ്ടിന്റെ പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/6.1.22- ന് മറുപടി ലഭ്യമാക്കിയില്ല.

2. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല

2020-21 വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിലെ ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| നം | ACR പ്രകാരം ചെലവ് | ഗ്രാന്റ് പ്രകാരം ചെലവ് | വ്യത്യാസം |
|---|---|---|---|
| പൊതു വിഭാഗം (ACR പ്രകാരം) | 39182249 | 54532940 | 15350691 |
| എസ്.സി.പി (ACR പ്രകാരം) | 34743498 | 39341616 | 4598118 |
| റ്റി.എസ്.പി (ACR പ്രകാരം) | 444852 | 591361 | 146509 |

3. സർക്കാർ ഉത്തരവുകൾ പ്രകാരം സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത തുകകൾ പഞ്ചായത്തിന്റെ കണക്കുകളിൽ ഉൾപ്പെടുത്താത്തത്

2020-21 വർഷം സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചതും സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തതുമായ തുകകൾ ACR, Grant Statement എന്നിവയിൽ ഉൾപ്പെടുത്തിയിട്ടില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | സർക്കാർ ഉത്തരവ് നം. | സ്രോതസ്സിൽ കുറവ് ചെയ്ത തുക | |
|---|---|---|---|
| | | അംഗൻവാടി ജീവനക്കാർക്ക് വേതനം | ലൈഫ് ഭവന പദ്ധതി വായ്പ തിരിച്ചടവ് |
| വികസന ഫണ്ട് (ജനറൽ) | GO(Rt) 2657/20/Fin/ 1.4.2020 | 908400 | -- |
| | GO(Rt) 43/20/Fin/ 1.1.2021 | 908400 | 8211141 |
| | GO(Rt) 4461/20/Fin/ 3.8.2020 | 908400 | 4414350 |
| വികസന ഫണ്ട് (SCP) | GO(Rt) 43/20/Fin/1.1.21 | -- | 2299059 |
| | GO(Rt) 4461/20/Fin/ 3.8.2020 | -- | 2299059 |
| വികസന ഫണ്ട് (TSP) | GO(Rt) 43/20/Fin/1.1.21 | -- | 73254 |
| | GO(Rt) 4461/20/Fin/ 3.8.2020 | -- | 73255 |

1-10 ഇറച്ചി വ്യാപാര കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ നിന്നും ഒരു കിലോമീറ്റർ പരിധിയിൽ ഭാരത് പെട്രോളിയം റീറ്റെയിൽ ഔട്ട്ലറ്റിന് സമീപത്തായി 6 ഇറച്ചി വ്യാപാര കടകൾ പ്രവർത്തിച്ചുവരുന്നുണ്ട്. (ചിത്രം -1 കാണുക) എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ കടകൾ പ്രവർത്തിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തോടെയല്ലായെന്ന് ബോധ്യപ്പെട്ടു. ലൈസൻസ് ഇല്ലാതെ മേൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ക്രമപ്രകാരമല്ല. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.






ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 9/06.01.2022) മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11 റദ്ദാക്കിയ സാംഖ്യ രസീതി പ്രകാരമുള്ള തുക വസ്തുനികുതി ഇനത്തിൽ വരവ് വച്ചിരിക്കുന്നു.

സാംഖ്യ സോഫ്റ്റ്‌വെയറിലെ ക്യാൻസൽ ചെയ്ത രസീതിയുടെ ലിസ്റ്റ് പരിശോധിച്ചതിൽ താഴെ വിവരിക്കുന്ന രസീതികൾ പ്രകാരമുള്ള തുക വസ്തുനികുതി ഇനത്തിലെ വരവായി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

| ക്ര.നം | തീയതി | അപേക്ഷന്റെ പേര് | നികുതി വിവരണം - ആകെ നികുതി ( വസ്തു നികുതി+ ലൈബ്രറി സെസ്സ്) | റദ്ദാക്കിയ രസീത് നമ്പർ | സഞ്ചയ യിൽ വസ്തു നികുതിയായി പോസ്റ്റ് ചെയ്ത കെട്ടിട നം & വർഷം & തുക | വസ്തു നികുതി ഇനത്തിലെ നഷ്ടത്തുക | സാംഖ്യ യിൽ റദ്ദാക്കിയ തിന്റെ കാരണം കാണിച്ചത് | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| 1 | 17.05.2019 | ശ്രീ. എൻ ദേവരാജ് | 38 (36+2) | 119130100739 | 3/378<br>2013-14<br>2014-15<br>2015-16<br>2016-17<br>2017-18<br>2018-19<br>2019-20<br>₹ 162<br>(154+8) | 162 | Payee Details Stationery No 01729493 | ഉടമയുടെ പേര് വ്യത്യാസം ഉള്ളതിനാൽ രസീത് റദ്ദാക്കി.<br>ശ്രീ. ദുരൈരാജ് എന്നവർ തൊട്ടടുത്ത രസീത് (119130100740) പ്രകാരം 17/594 നമ്പറിലെ കെട്ടിട നികുതി അടവാക്കി. |
| 2 | 19.07.2019 | റേഞ്ച് ഓഫീസർ | 243 (231+12) | 119130101649 | 12/361<br>2013-14<br>2014-15<br>2015-16<br>2016-17<br>2017-18<br>2018-19<br>2019-20<br>₹ 1701<br>(1617+84) | 1617 | Payee Details Stationery No 01730637 | Payee Details തെറ്റിയതിനാൽ രസീത് റദ്ദാക്കി.<br>ഫോറസ്റ്റ് സ്റ്റേഷൻ എന്ന പേരിൽ തൊട്ടടുത്ത രസീത് (119130101650) പ്രകാരം 12/3 നമ്പറിലെ കെട്ടിട നികുതി അടവാക്കി. |
| 3 | 06.12.2019 | ശ്രീ. PS നാണു | 56(53+3) | 119130103590 | 9/399<br>2018-19<br>2019-20<br>₹ 112<br>(106+6) | | Amount Stationery No.0 | കരം ഒടുക്കാത്തതിനാൽ രസീത് റദ്ദാക്കി. |
| 4 | 25.08.2020 | ശ്രീ. കെ.വി മണി | 448(426+22) | 120130101050 | 12/346<br>2020-21<br>₹ 448<br>(426+22) | 426 | Amount Stationery No.02536 | 08/20 ലെ സാംഖ്യ രസീത് കൗണ്ടർ ഫോയിലിൽ റദ്ദാക്കിയ രസീത് (നം 120130101050) ഉള്ളടക്കം ചെയ്യാത്തതിനാൽ പരിശോധിക്കാൻ സാധിച്ചില്ല. |
| 5 | 30.12.2020 | ശ്രീ. നാസറുദ്ദീൻ | 293(279+14) | 120130102770 | 6/869<br>2020-21<br>Second Half<br>₹ 146<br>(139+7) | 139 | Payee Details Stationery No 08836139 | തെറ്റായി എൻട്രി ആയതിനാൽ രസീത് റദ്ദാക്കി.<br>ശ്രീ. നാസറുദ്ദീൻ എന്നവർ തൊട്ടടുത്ത രസീത് (120130102771) പ്രകാരം 8/869 നമ്പറിലെ കെട്ടിട നികുതി അടവാക്കി. |
| 6 | 22.02.2021 | ശ്രീ. കെ.ജെ ജോസഫ് | 284(270+14) | 120130102770 | 4/395<br>2019-20<br>2020-21<br>₹ 568 | 540 | Payee Details Stationery No 08836139 | തെറ്റായി എൻട്രി ആയതിനാൽ രസീത് റദ്ദാക്കി.<br>ശ്രീ. നാസറുദ്ദീൻ എന്നവർ തൊട്ടടുത്ത രസീത് (120130102771) |

| ക്ര.നം | തീയതി | അപേക്ഷന്റെ പേര് | നികതി വിവരണം - ആകെ നികതി ( വസ്തു നികതി+ ലൈബ്രറി സെസ്സ്) | റദ്ദാക്കിയ രസീത് നമ്പർ | സഞ്ചയ യിൽ വസ്തു നികതിയായി പോസ്റ്റ് ചെയ്ത കെട്ടിട നം & വർഷം & തുക | വസ്തു നികതി ഇനത്തിലെ നഷ്ടത്തുക | സാംഖ്യ യിൽ റദ്ദാക്കിയ തിന്റെ കാരണം കാണിച്ചത് | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | | | (540+28) | | | പ്രകാരം 8/869 നമ്പറിലെ കെട്ടിട നികതി അടവാക്കി. |
| 7 | 01.03.2021 | ശ്രീമതി. ഷീന ജോജോ | 3696(3780+189) | 120130104676 | 12/662 2020-21 ₹ 3120 (3045+75) | 3045 | Payee Details Stationery No 08838407 | 12/662A ക്ക് പകരം 12/662 എന്ന് തെറ്റായി എൻട്രി ചെയ്തതിനാൽ രസീത് റദ്ദാക്കി. |
| 8 | 01.03.2021 | മാനേജർ, ടീ എസ്റ്റേറ്റ് | 67(63+4) | 120130104686 | 19/414 2015-16 2016-17 2017-18 2018-19 ₹ 251 (239+12) | 239 | Payee Details Stationery No 08838417 | കെട്ടിട നമ്പർ തെറ്റായി എൻട്രി ചെയ്തതിനാൽ രസീത് റദ്ദാക്കി. |
| 9 | 19.03.2021 | ഷിജുമോൻ സി.എസ് | 66(62+4) | 120130105281 | 21/533 2019-20 2020-21 ₹ 132 (124+8) | 124 | Amount Stationery No 08839086 | വാർഡ് നമ്പർ 18/533 ന് പകരം 21/533 എന്ന് തെറ്റായി എൻട്രി ചെയ്തതിനാൽ രസീത് റദ്ദാക്കി. |
| | | | | ആകെ | | 6292 | | |

നഷ്ടത്തുക ₹ 6292/- ക്രമീകരിക്കേണ്ടതാണ്. ക്യാൻസൽ ചെയ്ത രസീത് എപ്രകാരമാണ് സഞ്ചയയിൽ വരവ് വെച്ചത് എന്ന് വിശദീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് IKM ൽ നിന്ന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 5/06.01.2022) മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-12 വാടക പൂർണ്ണമായും ഈടാക്കിയില്ല

വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ നിന്ന് 2020-21 സാമ്പത്തിക വർഷത്തിൽ ₹362707/- പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം | വാടകക്കാരന്റെ പേര് | കെട്ടിട നമ്പർ | കുടിശിക വരുത്തിയ കാലയളവ് | പ്രതിമാസ വാടക | കുടിശിക മാസങ്ങൾ | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | ശ്രീ. അനീഷ് ശിവപിള്ള ശ്രീവർണ്ണം | 18/77 | 03/2021 | 12348 | 1 | 12348 | കരാർ ചമച്ചിട്ടില്ല |
| 2 | ശ്രീമതി. ശെൽവറാണി വി മറീന ഹൗസ്, മഞ്ചുമല ആറ്റോരം | 18/89 | 02/2021 മുതൽ 03/2021 വരെ | 2037 | 2 | 4074 | |
| 3 | ശ്രീമതി. ഭാഗ്യ ലക്ഷ്മി W/O മോഹൻ ചൂരക്കുളം | 18/85 | 06/2020 മുതൽ 03/2021 വരെ | 1800 | 10 | 18000 | |
| 4 | ശ്രീമതി. ഹവ്വ ഉമ്മ ആട്ടെയിൽ, വള്ളക്കടവ് | 18/92 | 01/2021 മുതൽ 03/2021 | 2158 | 3 | 6474 | |

| ക്ര.നം | വാടകക്കാരന്റെ പേര് | കെട്ടിട നമ്പർ | കുടിശിക വരുത്തിയ കാലയളവ് | പ്രതിമാസ വാടക | കുടിശിക മാസങ്ങൾ | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | വരെ | | | | |
| 5 | ശ്രീ. ഏക്കത്തലി S/O നാഗൂർ ഇബ്രാഹീം സ്പെൻസർ ജംഗഷൻ വടക്കേതൊത്രിമൂട്ടിൽ | 18/727 D | 07/2020 മുതൽ 03/2021 വരെ | 561 | 9 | 5049 | |
| 6 | ശ്രീമതി. ധനലക്ഷ്മി അളകേശൻ നല്ലതമ്പി കോളനി, വി.പി.ആർ | 18/95 | 03/2021 | 2644 | 1 | 2644 | |
| 7 | അസി. മാനേജർ, സപ്ലൈകോ വണ്ടിപ്പെരിയാർ | 18/725 | 06/2020 മുതൽ 03/2021 വരെ | 7009 | 10 | 70090 | കരാർ ചമച്ചിട്ടില്ല |
| 8 | സെക്രട്ടറി, വനിതാ സഹകരണ സംഘം | 18/726 | 12/2020 മുതൽ 03/2021 വരെ | 7807 | 4 | 31228 | കരാർ ചമച്ചിട്ടില്ല |
| 9 | എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് ഓഫീസ് വണ്ടിപ്പെരിയാർ | 18/735 | 06/2020 മുതൽ 03/2021 വരെ | 21280 | 10 | 212800 | കരാർ ചമച്ചിട്ടില്ല |
| | | | | | ആകെ | 362707 | |

കുറിപ്പ് : കോവിഡ് മഹാമാരി പിടിപെട്ടതിനാൽ 04/2020, 05/2020 എന്നീ മാസങ്ങളിലെ വാടക സ.ഉ (സാധാ) നം 276/2020 ഐ.ഡി തീയതി 30.03.2020 പ്രകാരം സർക്കാർ ഇളവ് അനുവദിച്ചു.

ഓഡിറ്റ് വർഷത്തിൽ 45 മുറികൾ വാടകയ്ക്കായി നൽകിയിട്ടുണ്ട്. എന്നാൽ എല്ലാ വാടകക്കാരുമായി കരാർ ചമച്ചിട്ടില്ല. 18% ജി.എസ്.ടി.-യും അതിന്റെ ഒരു ശതമാനം പ്രളയ സെസ്സും അടക്കം കുടിശ്ശിക തുക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. കരാറിലേർപ്പെടാത്തതിനാലും ഇതുവരെ തുക ഈടാക്കാത്തതിനാലും ₹362707/- ഗ്രാമ പഞ്ചായത്തിന് നഷ്ടമായി മാറിയിരിക്കുകയാണ്. തുടർച്ചയായി കുടിശ്ശിക വരുത്തുന്നവർക്ക് കടമുറികൾ വാടകയ്ക്ക് നൽകരുതെന്ന വ്യവസ്ഥ ലംഘിച്ച് ഇവർക്ക് തുടർന്നുള്ള വർഷങ്ങളിലും കരാറിലേർപ്പെടാതെതന്നെ വാടകയ്ക്ക് നല്കിയിരിക്കുന്നതായി രജിസ്റ്ററിൽ കാണുന്നു. വാടക സംബന്ധിച്ച ബൈലോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വാടക യഥാസമയം പിരിച്ചെടുക്കാത്തതിനാൽ 2019-20 വരെ ₹918,971/- കുടിശ്ശികയായി (2020-21 ലെ AFS - Schedule: B-15 പ്രകാരം). ₹918,971/- കുടിശ്ശിക വരുത്തിയവരെ സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലുകളും രജിസ്റ്ററിൽ ഇല്ല. കുടിശ്ശിക തുക പിഴ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/06.01.2022) മറുപടി ലഭ്യമാക്കിയില്ല.

### 1-13 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

കോവിഡ് പ്രതിസന്ധിയിൽ വിറങ്ങലിച്ച ഒരു പ്രദേശമാണ് വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിൽ നടത്തപ്പെട്ട പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. സംസ്ഥാന സർക്കാരിന്റെ ഉത്തരവുകൾക്കും ജില്ലാ ഭരണാധികാരികളുടെ നിർദ്ദേശങ്ങൾക്കും വിധേയമായി കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. രോഗം പടരാതിരിക്കുന്നതിനായി ബസ് സ്റ്റാന്റ്, ടൗണിന്റെ വിവിധ ഭാഗങ്ങൾ, ടാക്സി സ്റ്റാന്റുകൾ തുടങ്ങിയ സ്ഥലങ്ങളിൽ സോപ്പ് ഉപയോഗിച്ച് കൈ കഴുകുന്നതിനുള്ള സൗകര്യം സ്ഥാപിച്ചു.

നാല്പത് യൂത്ത് വാളന്റിയർമാർക്ക് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. ഇതിനായി ₹4000/- ചെലവഴിച്ചിട്ടുണ്ട്. പ്രത്യേക പരിഗണന നൽകേണ്ടവരുടെ സുരക്ഷയ്ക്കും കരുതലിനുമായി പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും, അസി. സെക്രട്ടറി കൺവീനറായുമുള്ള പ്രത്യേക ഹെൽപ്പ് ഡെസ്ക്ക് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താനായി പ്രത്യേക മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ തൃപ്തികരമാണ്. ഫസ്റ്റ് ബെൽ പഠനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല. തരിശ് ഭൂമികൃഷി പദ്ധതി ആവിഷ്കരിച്ചിട്ടില്ല.

പഞ്ചായത്തിൽ ഒരു സി.എഫ്.എൽ.റ്റി.സി ആരംഭിച്ച് തൃപ്തികരമായി പ്രവർത്തിച്ച് വരുന്നു. സി.എഫ്.എൽ.റ്റി.സിക്കായി ₹500000/- ചെലവഴിച്ചിട്ടുണ്ട്. ഒരു കമ്മ്യൂണിറ്റി കിച്ചൻ ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി 6 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. റേഷൻ കടയിൽ നിന്നും 1000കിലോ, മറ്റ് മാർഗ്ഗങ്ങളിൽ നിന്നായി 4810 കിലോ അരിയും ലഭിച്ചിട്ടുണ്ട്. സാമൂഹ്യ അടുക്കള വഴി ലോക്ക്ഡൗൺ കാലയളവിൽ ജനങ്ങൾക്കും രോഗികൾക്കും ഭക്ഷണമെത്തിക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. കമ്മ്യൂണിറ്റി കിച്ചന് വേണ്ടി കണ്ടെയ്നറുകൾ, അലുമിനിയം പാത്രങ്ങൾ, ഇൻഡക്ഷൻ സ്റ്റൗ, സ്പൂണുകൾ, പ്ലേറ്റുകൾ, തുടങ്ങിയ അടുക്കള ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. സംഭാവനയായി തുകയൊന്നും ലഭിച്ചിട്ടില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ആകെ ₹2000000/- ചെലവഴിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ പൊതുവെ തൃപ്തികരമാണ്.

1-14 ടാറിംഗ് പ്രവൃത്തികൾ - കാലിവീപ്പ വില ഈടാക്കിയില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് 2016-ലെ ഡെൽഹി ഷെഡ്യൂൾ നിരക്ക് അടിസ്ഥാനമാക്കി പ്രൈസ് (PRICE ) സോഫ്റ്റ് വെയറിലാണ്. ഇതിൽ തയ്യാറാക്കിയിരിക്കുന്ന താഴെ സൂചിപ്പിക്കുന്ന ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ Packed Bitumin-ന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. ആകയാൽ ഇത്തരം പ്രവൃത്തികളിൽ കാലിവീപ്പയുടെ മൂല്യം ഫൈനൽബില്ലിൽ നിന്ന് കുറവ് ചെയ്യാൻ സർക്കാർ നിർദ്ദേശമുള്ളതാണ്. എന്നാൽ വാർഡ് 22- 110 പുതുവൽ റോഡ് ടാറിംഗ് നിയർ രാജന്റെ വീട് പ്രോജക്ടിന്റെ ബില്ലിൽനിന്ന് പ്രസ്തുത തുക ഈടാക്കിയില്ല.

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| പ്രോജക്ട് നമ്പർ | 146/21 |
| വൗച്ചർ നം | 22000954/21.12.20-₹58281/-<br>22000955/21.12.20-₹5251/- |
| അളവ് ബുക്ക് നം | 203/21 |
| കരാറുകാരൻ | ബിനു എം ജെ |
| കരാർ | 43/AE/LSGD/VPR/20-21തീ.23.09.20 |

ഈ പ്രവൃത്തിക്ക് താഴെ സൂചിപ്പിക്കും പ്രകാരം ബിറ്റുമിൻ ഉപയോഗിച്ചിരിക്കുന്നു.

| | |
|---|---|
| SS1 ബിറ്റുമിൻ അളവ്<br>പുസ്തകപ്രകാരം പ്രവൃത്തിക്ക്<br>ഉപയോഗിച്ച ബിറ്റുമിന്റെ അളവ്<br>(കി.ഗ്രാം )/വീപ്പകളുടെ എണ്ണം | 668.25kg<br>668.25/200=3.34<br>അതായത് 4 |
| RS1 ബിറ്റുമിൻ അളവ്<br>പുസ്തകപ്രകാരം പ്രവൃത്തിക്ക്<br>ഉപയോഗിച്ച ബിറ്റുമിന്റെ അളവ്<br>(കി.ഗ്രാം )/വീപ്പകളുടെ എണ്ണം | 136.13<br>136.13/182= 0.74അതായത് 1 |
| ബിറ്റുമിന്റെ ഇനം S-65ഉപയോഗിച്ച അളവ് (കി.ഗ്രാം )/ വീപ്പകളുടെ എണ്ണം | 1207.8<br>1207.8/156=7.74 അതായത് 8 |

ഒരു കാലിവീപ്പയുടെ മൂല്യം = ₹238/- + 18% GST

കരാറുകാരനിൽനിന്ന് ഈടാക്കേണ്ട 13 വീപ്പകളുടെ മൂല്യം =13 X 238 = ₹3094/-

ബാധകമായ GST = (238 X 18% ) X 13 =₹557/-

ആകെ = ₹3651/-

തുക ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/തീ.07.01.2022 ) മറുപടി ലഭ്യമാക്കിയില്ല.

ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ(പി) നം. 177/2006 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 10, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.10.2007-ലെ 59827/FM/07 നമ്പർ സർക്കുലർ എന്നിവ പ്രകാരം കാലിവീപ്പകളുടെ മൂല്യമായി ഈടാക്കുന്ന തുകകൾ പ്രോജക്ടിനുവേണ്ടി വകയിരുത്തിയ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. പ്രസ്തുത പ്രോജക്ടിനുവേണ്ടി മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വിനിയോഗിച്ചിട്ടുള്ളതിനാൽ ശീർഷകമായ 3054-911-Deduct Recoveries Of Overpayments-ലേക്ക് പ്രസ്തുത തുക തിരികെ ഒടുക്കേണ്ടിയിരുന്നു. കാലിവീപ്പകളുടെ മൂല്യം ₹3651/- കരാറുകാരനിൽനിന്നോ, ബില്ലിൽനിന്ന് ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ അസി. എൻജിനിയറിൽ നിന്നോ ഈടാക്കി മേൽ പരാമർശിച്ച കണക്ക് ശീർഷകത്തിലും GST തുക അതിന്റെ ശീർഷകത്തിലും സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

## 1-15 മരുന്നുകൾ ലഭിച്ചില്ല.

പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ ന് ₹150000/- കൈമാറിയെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര്, നമ്പർ | പാലിയേറ്റീവ് കെയർ, 234/2020-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| അടങ്കൽ ₹ | 578680/-(വികസന ഫണ്ട്) |
| ചെലവു തുക ₹ | 578680/-(വികസന ഫണ്ട്) |
| ബിൽ നം, തുക, തീയതി | 1) 20100252009200347745, 77880/-, 15.07.20<br>2) 20100252009200816266, 92440/-, 10.12.20<br>3) 20100252009201185376, 151310/-, 04.03.21<br>4) 20100252009201185376, 39510/-, 04.03.21<br>5) 20100252009201438923, 217540, 30.03.21<br>(ക്രമ നം.1 മുതൽ 4 വരെയുള്ളവ പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾക്കായി ഉപയോഗിച്ചിരിക്കുന്നു. ക്രമ നം 5 പ്രകാരമുള്ള ബില്ലിൽ ₹ 150000/- മരുന്നുകൾ വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ ന് നൽകിയതും ബാക്കി ₹67540/- മറ്റു ചെലവുകൾക്കുമാണ് ഉപയോഗിച്ചിരിക്കുന്നത്) |

മരുന്നുകൾ ലഭ്യമായതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ മരുന്ന് ലഭിക്കാൻ അവശേഷിക്കുന്ന ₹150000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 കുടുംബശ്രീ ജനകീയ ഹോട്ടലിന് റിവോൾവിംഗ് ഫണ്ട് -തിരിച്ചടവു വിവരങ്ങൾ നിരീക്ഷിക്കുന്നതിനു സംവിധാനമില്ല

കോവിഡ് മഹാമാരിക്കാലത്ത് വിശപ്പുരഹിത കേരളം പദ്ധതി പ്രകാരം കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ ജനകീയ ഹോട്ടലുകൾ ആരംഭിക്കുവാൻ സർക്കാർ അനുമതി നൽകിയിരുന്നു. തദനുസരണം ഗ്രാമപഞ്ചായത്തിൽ വൃന്ദാവൻ MEയൂണിറ്റിന്റെ നേതൃത്വത്തിൽ തുടങ്ങിയ ഹോട്ടലിനാവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകിയതിനൊപ്പം റിവോൾവിംഗ് ഫണ്ടായി 200000/-രൂപയും അനുവദിച്ചു. പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |
| പ്രോജക്ട്നം., പേര് | എസ് 313/2021 -വിശപ്പുരഹിത കേരളം -കുടുംബശ്രീ ജനകീയ ഹോട്ടലിന് റിവോൾവിംഗ് ഫണ്ട് |
| അടങ്കൽ /ചെലവ് | 200000/-രൂപ (വികസന ഫണ്ട് പൊതുവിഭാഗം ) |
| ബിൽ നം./തീയതി | 20100252013700572090/തീ.29.09.2020 |

കുടുംബശ്രീക്ക് കൈമാറിയ തുക 27.10.2020-ലെ കരാർ പ്രകാരം പ്രസ്തുത യൂണിറ്റിന് അനുവദിക്കുകയും ഹോട്ടൽ പ്രവർത്തനം നടത്തി വരികയും ചെയ്യുന്നുണ്ട്. കരാർ പ്രകാരം 48 മാസക്കാലയളവിൽ 4167/-രൂപ നിരക്കിൽ എല്ലാ മാസവും 5-ാം തീയതിക്കകം CDS അക്കൗണ്ടിലേക്ക് പ്രതിമാസ തവണകളായി തുക തിരികെ അടയ്ക്കേണ്ടതാണ്. തുക ഒടുക്കിയ രസീത് നിർവഹണ ഉദ്യോഗസ്ഥനു മുൻപാകെ ഹാജരാക്കി ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ തുക കൈപ്പറ്റി ഒന്നര വർഷം കഴിഞ്ഞെങ്കിലും യൂണിറ്റ് ആകെ 15000/- രൂപ മാത്രമാണ് തിരികെ അടച്ചിട്ടുള്ളത്. (3-2.2021-ൽ 5000/- രൂപയും 02.07.2021-ൽ 10000/- രൂപയും തിരിച്ചടച്ചു) . തിരിച്ചടവു വിവരങ്ങൾ നിരീക്ഷിക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥൻ സംവിധാനമൊന്നുമൊരുക്കിയിട്ടില്ല. തുകയുടെ തിരിച്ചടവു വിവരം കൃത്യമായി ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ഒടുക്കു പൂർത്തിയാവുന്ന മുറയ്ക്ക് സമാന ആവശ്യങ്ങൾക്ക് റിവോൾവിംഗ് ഫണ്ടായി അനുവദിക്കേണ്ടതും തുക ആവശ്യമില്ലാത്തപക്ഷം സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ടതുമാണ്.

## 1-17 നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ വിവരങ്ങളില്ല

തൻവർഷം വൈദ്യുതി ലൈൻ ശൃംഖല വിപുലീകരിക്കുന്നതിനായി KSEB വണ്ടിപ്പെരിയാർ ഇലക്ട്രിക്കൽ സെക്ഷൻ അസി. എൻജിനീയർക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ/ പ്രോജക്ട് പൂർത്തീകരണ വിവരങ്ങൾ

ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ ; -ഗ്രാമപഞ്ചായത്ത് സെക്രട്ടറി

| ക്രമ നം | പ്രോജക്റ്റ് നം. പേര് | കൈമാറിയ തുക | ബിൽ വിവരങ്ങൾ | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|
| 1 | എസ് 307/2021 18-ാം വാർഡ് സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 398412/- (വികസന ഫണ്ട് പൊതു വിഭാഗം ) | 20100252013600164591 /തീ. 11.04.2020 | മഞ്ചുമല ക്ലബ്-ഫാക്ടറി , മഞ്ചുമല- ആറ്റോരം , അയ്യപ്പൻ കോവിൽ - ചൂരക്കുളം ഭാഗങ്ങളിലെ വൈദ്യുതി ലൈനുകൾ.<br>SBI വണ്ടിപ്പെരിയാർ ശാഖയിലെ 57058405453 നമ്പർ അക്കൗണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തു. |
| 2 | എസ് 629/2021 വിവിധ വാർഡുകളിലെ വൈദ്യുതി ബൾബുകൾ മാറ്റി സ്ഥാപിക്കൽ | 30149 (തനതു ഫണ്ട്) | വൗച്ചർ നം. 22001074/ തീ.13.01.2021 | 23-ാം വാർഡ് പൂണ്ടിക്കുളം , 14-ാം വാർഡിലെ അരണയ്ക്കൽ എന്നീ ഭാഗങ്ങളിലെ ബൾബുകൾ<br>മാറ്റി സ്ഥാപിക്കൽ SBI വണ്ടിപ്പെരിയാർ ശാഖയിലെ 57058405453 നമ്പർ അക്കൗണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തു. |
| | ആകെ | 428561 | | |

നിക്ഷേപിച്ച തുകയുടെ വിനിയോഗ വിവരങ്ങൾ ഇല്ലാത്തതിനാൽ ചെലവു തുക ₹428561/- ഓഡിറ്റിൽ തടസപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-18 NHM ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ -വിതരണ ഏജൻസി ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിനു ഹോംകോയ്ക്ക് ₹200000/- കൈമാറിയെങ്കിലും നാളിതുവരെ വിതരണ ഏജൻസി ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രോജക്റ്റ് നം, പേര് | നിർവഹണ ഏജൻസി | കൈമാറിയ തുക | കൈമാറ്റ വിശദാംശങ്ങൾ |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി<br>എസ് 005/21<br>NHM ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ | ഹോംകോ ആലപ്പുഴ | 200000 | NEFT<br>മുഖേന സ്ഥാപനത്തിന് എസ്.ബി.ഐ ആലപ്പുഴ കൈചൂണ്ടി ശാഖയിലുള്ള 34306403911 നമ്പർ അക്കൗണ്ടിലേക്ക് 11.11.2020-ൽ ട്രാൻസ്ഫർ ചെയ്തു. |

ആവശ്യപ്പെട്ട ഔഷധങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ₹ 200000/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 വാർഡ് 6 -ലക്ഷം വീട് കുടിവെള്ള പദ്ധതി- പദ്ധതി ഫലപ്രാപ്തിയിൽ എത്തിയില്ല

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| പ്രോജക്റ്റ് നമ്പർ | 458/19 |
| ബിൽ നം | 19100252013800039677/05.04.19 -₹201479<br>19100252013800039676/05.04.2019 -₹293254<br>20100252013801149796/25.02.21-₹271394/- |

പ്രോജക്ട് പ്രകാരം ജി ഐ പൈപ്പ് സ്ഥാപിക്കൽ മോട്ടോർ പുര നിർമ്മാണം, കുളം, പാനൽ ബോർഡ് എന്നിവ സ്ഥാപിച്ചിരിക്കുന്നു. കൂടാതെ വൈദ്യുതി കണക്ഷനായി തുക വൈദ്യുതി ബോർഡിൽ ഒടുക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. മുൻവർഷ പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്ന മറ്റ് ഇനങ്ങളൊക്കെ നടത്തിയിരിക്കുന്നു. എന്നാൽ മോട്ടോർ സ്ഥാപിക്കുന്നതിനായി തൽവർഷവും പദ്ധതി തയ്യാറാക്കിയിട്ടില്ല. ആയതിനാൽ പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല. തൻവർഷം തന്നെ പദ്ധതി ഫലപ്രാപ്തിയിൽ എത്തിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-20 മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ - അധിക തുക നൽകിയിരിക്കുന്നു.

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| പ്രോജക്ട് നമ്പർ | 591/21 -ധനകാര്യകമ്മീഷൻ അവാർഡ് |
| അടങ്കൽ | ₹900000/- |
| ബിൽ റഫറൻസ് നമ്പർ | 20100252013800725/11.11.2020-₹753145/- |
| അളവ് ബുക്ക് നം | 43/20-21 |
| കരാറുകാരൻ | ശ്രീ . അനീഷ് കുമാർ (₹696416/ -) |
| കരാർ നം. | 6/AE/LSGD/VPR/2020 -21 തീയതി. 01.06.2020 |

മാലിന്യ സംസ്കരണ പ്ലാന്റിന്റെ കെട്ടിടം നിർമ്മിക്കുന്നതിനായുള്ളതാണ് ഈ പദ്ധതി. മേൽ പ്രവൃത്തിയുടെ അളവ് ബുക്ക് പ്രകാരമുള്ള ആകെ മൂല്യം₹639683/-ആണ്. ഇതിന്റെ കൂടെ 12% ജി എസ് ടി ഉൾപ്പെടെ ആകെ അനുവദിക്കാവുന്ന തുക ₹716445/- മാത്രമാണ്. എന്നാൽ മേൽ ബില്ല് പ്രകാരം ₹753145/- നൽകിയതിനാൽ ₹36700/- അധികമായി ചെലവഴിച്ചിരിക്കുന്നു. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 15/07.01.2022 ന് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ ₹ 36700/- നിർവ്വഹണം നടത്തി ബില്ല് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

1-21 ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട്- പദ്ധതി നടത്തിപ്പിൽ അപാകതകൾ

പ്രോജക്ട് നം. എസ് 612/21. അടങ്കൽ തുക ₹500000/-

ചെലവു തുക ₹394750/-

ബിൽ നം.180/28.09.2020 ₹226000/-

ബിൽ നം.350/27.02.2021 ₹168750/-

മാലിന്യം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് തരംതിരിച്ച് എംസിഎഫിൽ എത്തിക്കുന്ന ഹരിത കർമ്മ സേന യുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയെന്നതാണ് തൻവർഷം വി.ഇ.ഒ. നിർവ്വഹണം നടത്തിയ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്.

പദ്ധതിയുടെ നടത്തിപ്പിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആദ്യത്തെ ബിൽ പ്രകാരം 36 പേർക്ക് തുക നൽകിയതിന്റെ കൈപ്പറ്റ് രസീതുകൾ മാത്രമാണ് ഫയലിലുള്ളത്. ഇതിൽ ഹരിത കർമ്മസേന അംഗങ്ങൾ സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ ദിവസം ₹500/- നിരക്കിൽ വേതനം കൈപ്പറ്റിയതായിട്ടാണ് രേഖയുള്ളത്. മുഹമ്മദ് ഉകാഷ്, ഷാജി എന്നീ രണ്ട് പേർ ദിവസം ₹2000/- നിരക്കിൽ വേതനം കൈപ്പറ്റിയതായും രേഖകളിൽ കാണുന്നു.

രണ്ടാമത്തെ ബിൽ പ്രകാരം 35 പേർക്ക് തുക നല്കിയതിന്റെ കൈപ്പറ്റ് രസീതുകളിൽ ഹരിത കർമ്മസേന അംഗങ്ങൾ ജൂലൈ, ആഗസ്റ്റ്, ഫെബ്രുവരി മാസങ്ങളിൽ ദിവസം ₹500/- നിരക്കിൽ വേതനം കൈപ്പറ്റിയതായിട്ടാണ് രേഖയുള്ളത്. ചില രസീതുകളിൽ സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിലെ വേതനം കൈപ്പറ്റിയതായും രേഖകളിൽ കാണുന്നു. ആദ്യ ബില്ല് പ്രകാരം വേതനം കൈപ്പറ്റിയവരും പ്രസ്തുത മാസങ്ങളും ഇതിലും ഉൾപ്പെട്ടതിനാൽ ഇരട്ടിപ്പ് വരാനുള്ള സാധ്യതയുണ്ട്. ഉപോൽബലകമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ കൃത്യത പരിശോധിക്കാനായില്ല.

ഈ പദ്ധതി പ്രകാരം വയബിലിറ്റി ഗ്യാപ്പ് ഫണ്ട് കൈപ്പറ്റിയ ഹരിത കർമ്മ സേനാംഗങ്ങൾ സത്രത്തിലെ ഖരമാലിന്യ പ്ലാന്റിൽ പ്രവർത്തിക്കുന്ന ജൈവവള നിർമ്മാണ യൂണിറ്റും അനുബന്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട 229/21,615/21 എന്നീ പദ്ധതികൾ പ്രകാരം ആഗസ്റ്റ് 2020 മുതൽ മാർച്ച് 2021 വരെ എല്ലാ പ്രവൃത്തിദിവസവും ഹാജരാണെന്ന് രേഖപ്പെടുത്തി മാസവേതനം കൈപ്പറ്റിയതായി കാണുന്നു.

| അംഗത്തിന്റെ പേര് | അക്കൌണ്ട് നമ്പർ | ആദ്യ ബിൽ പ്രകാരം കൈപ്പറ്റിയ തുക₹ | രണ്ടാമത്തെ ബിൽ പ്രകാരം കൈപ്പറ്റിയ തുക ₹ | ആകെ കൈപ്പറ്റിയ തുക ₹ |
|---|---|---|---|---|
| മേഖല | 67228138285 | 5000 | 3500 | 8500 |
| പിച്ചമ്മ | 362802010022330 | 4000 | 3500 | 7500 |
| മല്ലിക | 67225689939 | 15000 | 3500 | 18500 |
| ഗ്രേസി | 67054988181 | | 5500 | 5500 |
| സുധ | 38120115753 | | 1000 | 1000 |

| | | | | |
|---|---|---|---|---|
| വിജില റാണി | 67087608942 | | 1000 | 1000 |
| | | | ആകെ | 42000 |

മാസത്തിലെ എല്ലാ പ്രവൃത്തിദിവസവും സത്രത്തിലെ ഖരമാലിന്യ പ്ലാന്റിൽ പ്രവർത്തിക്കുന്ന ജൈവവള നിർമ്മാണ യൂണിറ്റിൽ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ മാത്രമാണ് മാസവേതനം പൂർണ്ണമായി ലഭിക്കുകയുള്ളൂവെന്നതിനാൽ മേൽ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന അംഗങ്ങൾ അതേ കാലഘട്ടത്തിൽ തന്നെ ഫീൽഡിൽ അജൈവ മാലിന്യം ശേഖരിച്ചയിനത്തിൽ നല്കുന്ന വയബിലിറ്റി ഗ്യാപ്പ് ഫണ്ട് കൈപ്പറ്റിയതെങ്ങനെയെന്ന് വ്യക്തമാകേണ്ടതുണ്ട്. കൃത്യമായ വിശദീകരണം ലഭ്യമാകാത്തപക്ഷം പ്രസ്തുത തുക അവരിൽ നിന്ന് തിരികെ ഈടാക്കേണ്ടത് നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ.-യുടെ കടമയാണ്.

ഉപോൽബലകമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ₹394750/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5A/04.02.2022) മറുപടി ലഭിച്ചില്ല.

## 1-22 ജൈവവള നിർമ്മാണ യൂണിറ്റും അനുബന്ധ പ്രവർത്തനങ്ങളും- പദ്ധതി നടത്തിപ്പിൽ അപാകതകൾ

പ്രോജക്റ്റ് നം. എസ് 615/21. അടങ്കൽ തുക ₹516733/-

ബിൽ നം. ബിൽ നം.20100252009500478204/26.08.2020 ₹22321/-

20100252009500647287/21.10.2020 ₹95866/-

20100252009501010146/29.01.2021 ₹124164/-

20100252009501168784/27.02.2021 ₹126500/-

20100252009501365627/26.03.2021 ₹130112/-

ആകെ ചെലവു തുക ₹498963/-

ഹരിതകർമ്മസേന അംഗങ്ങൾ ശേഖരിക്കുന്ന മാലിന്യങ്ങൾ എംസിഎഫിൽ എത്തിച്ച് തരംതിരിച്ച് ജൈവമാലിന്യങ്ങൾ ഉപയോഗിച്ച് ജൈവവളം നിർമ്മാണത്തിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് വേതനം നല്കുന്നതാണ് തൻവർഷം വി.ഇ.ഒ. നിർവ്വഹണം നടത്തിയ ടി പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്.

പദ്ധതിയുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

12.08.2020-ലെ സ.ഉ.(സാധാ) നം. 1496/2020/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച "ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗരേഖ" യിലെ നിർദ്ദേശം 6-ൽ, ഹരിതകർമ്മസേന അംഗങ്ങൾക്ക് വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് മാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫിൽ എത്തിക്കുന്നതിന് ഗതാഗത സൗകര്യം ഒരുക്കണമെന്ന് മാർഗ്ഗരേഖയിൽ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ ഇവിടെ, സത്രത്തിലുള്ള പ്ലാന്റിലെ ജൈവവള നിർമ്മാണ യൂണിറ്റിലേക്ക് തൊഴിലാളികളെ എത്തിക്കുന്നതിനും മടക്കികൊണ്ട് വരുന്നതിനുമായി ജീപ്പ് വാടകയ്ക്ക് എടുത്തിരിക്കുന്നത്. KL07M 7679 നമ്പരുള്ള ജീപ്പ് 15ദിവസം വാടകയ്ക്ക് ഉപയോഗിച്ചതായി രേഖപ്പെടുത്തി ₹21000/- ബാലമുരുകൻ എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് ആദ്യ ബില്ലിൽ ഉൾപ്പെടുത്തി തുക മാറി നൽകിയിരിക്കുന്നു. ജീപ്പ് എന്ന് രേഖപ്പെടുത്തിയിരിക്കുന്ന പ്രസ്തുത വാഹനം ഓട്ടോറിക്ഷയാണെന്നാണ് മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റിൽ നിന്ന് വ്യക്തമാകുന്നത്. ഉപയോഗിച്ച തീയതി, മാസം തുടങ്ങിയ വിശദാംശങ്ങൾ ട്രിപ് ഷീറ്റിൽ ഇല്ല. തുക മാറി നല്കിയത് 615/21 പദ്ധതി പ്രകാരം, ഖരമാലിന്യ പ്ലാന്റിൽ/ജൈവവള നിർമ്മാണ യൂണിറ്റിൽ ജോലി ചെയ്യുന്നതിന് മാസവേതനം കൈപ്പറ്റുന്ന ബാലമുരുകൻ എന്ന തൊഴിലാളിയുടെ 12006120042599 എന്ന നമ്പരിലുള്ള അക്കൗണ്ടിലേക്കാണ്.

ഇതേ ബില്ലിൽതന്നെ ഉൾപ്പെടുത്തി, പ്ലാന്റിലേക്ക്/ജൈവവള നിർമ്മാണ യൂണിറ്റിലേക്ക് സാധന സാമഗ്രികൾ വാങ്ങിയതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെയോ ഹരിത കർമ്മ സേന കൺസോർഷ്യത്തിന്റെയോ* അക്കൗണ്ടിലേക്ക് തുക മാറി നൽകേണ്ടിടത്ത് മറ്റൊരു തൊഴിലാളിയായ മല്ലികയുടെ അക്കൗണ്ടിലേക്ക് (67225689939) ₹12000/-മാറി നൽകിയിരിക്കുന്നു.

സത്രത്തിലുള്ള പ്ലാന്റിലെ ജൈവവള നിർമ്മാണയൂണിറ്റിലേക്ക് തൊഴിലാളികളെ എത്തിക്കുന്നതിനും മറ്റാവശ്യങ്ങൾക്കുമായി 11/2020,12/2020 മാസങ്ങളിൽ ജീപ്പ് (നമ്പർ എഴുതിയിട്ടില്ല) വാടകയ്ക്ക് ഉപയോഗിച്ചതായി രേഖപ്പെടുത്തി ₹33000/- ബാലമുരുകന്റെയും പ്ലാന്റിലേക്ക്/ജൈവവള നിർമ്മാണ യൂണിറ്റിലേക്ക് സാധന സാമഗ്രികൾ വാങ്ങിയതിന് ₹56680/- മല്ലികയുടെയും അക്കൗണ്ടിലേക്ക് രണ്ടാമത്തെ ബില്ലിൽ ഉൾപ്പെടുത്തി തുക മാറി നൽകിയിരിക്കുന്നു.

പ്ലാന്റിന്റെ/ജൈവ വള നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം, നടത്തിപ്പ് ചുമതല, തൊഴിലാളികളുടെ വേതനം, നിയമനം, തെരുവുകളിൽ നിന്നുള്ള ജൈവ-അജൈവ മാലിന്യങ്ങളുടെ ശേഖരണം, യൂസർ ഫീസ് പിരിവ്, കണക്ക് സൂക്ഷിപ്പ്, പ്ലാന്റിലേക്കുള്ള മാലിന്യ നീക്കം, ഇതിൽ ഹരിതകർമ്മ സേനക്കും കൺസോർഷ്യത്തിനും കർത്തവ്യമുണ്ടോ, സൊസൈറ്റി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത മാലിന്യ പരിപാലന സൊസൈറ്റി വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്ത് എന്ന സംരംഭത്തിന് ചുമതലയുണ്ടോ തുടങ്ങി മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് പ്രാഥമിക കാര്യങ്ങളിലെല്ലാം തികഞ്ഞ അവ്യക്തതയാണുള്ളത്. ഇക്കാര്യങ്ങളിലെല്ലാം കൃത്യമായ വിശദീകരണം ലഭ്യമാക്കാത്തപക്ഷം മേൽ തുകകൾ യാഥാർത്ഥത്തിലുള്ളതല്ലായെന്ന് കണ്ട് സർചാർജ് ശുപാർശ അടക്കമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-23 മാലിന്യ നിർമ്മാർജ്ജന പ്രവർത്തനം- പദ്ധതി നടത്തിപ്പിൽ അവ്യക്തത-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ ജൈവ-അജൈവ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പദ്ധതികൾ

വിഭാവനം ചെയ്ത് വി.ഇ.ഒ. നടപ്പാക്കിയിട്ടുണ്ട്.

| പദ്ധതി | ചെലവ് തുക ₹ |
|---|---|
| ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട്(612/21) | 394750 |
| ജൈവവള നിർമ്മാണ യൂണിറ്റും അനുബന്ധ പ്രവർത്തനങ്ങളും(615/21) | 498963 |
| മാലിന്യ പരിപാലന സൊസൈറ്റിക്ക് റിവോൾവിംഗ് ഫണ്ട്(232/21) | 325000 |
| മാലിന്യ പരിപാലന പ്രവർത്തനങ്ങൾ(229/21) | 998169 |
| ആകെ | 2216882 |

ഗണ്യമായ തുകയുടെ ചെലവുള്ള പദ്ധതി ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ പല സംഗതികളും വ്യക്തതയില്ലാത്തതോ പദ്ധതികളുമായി ബന്ധമില്ലാത്തതോ ആണ്. ആയതിനാൽ ഇക്കാര്യത്തിലുള്ള പ്രവർത്തനങ്ങൾ സർക്കാർ നിർദ്ദേശങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിട്ടാണെന്ന് ഉറപ്പാക്കാനായില്ല. ഹരിത കർമ്മ സേന, കൺസോർഷ്യം, മാലിന്യ പരിപാലന സൊസൈറ്റി വണ്ടിപെരിയാർ ഗ്രാമ പഞ്ചായത്ത് എന്നിങ്ങനെ പല പേരുകൾ കൃത്യതയില്ലാതെ ഫയലുകളിൽ ഉപയോഗിച്ചിരിക്കുന്നതായി കണ്ടെത്തി. പ്ലാന്റിന്റെ/ജൈവ വള നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം, നടത്തിപ്പ് ചുമതല, അവിടുത്തെ തൊഴിലാളികളുടെ വേതനം, നിയമനം, തെരുവുകളിൽ നിന്നുള്ള ജൈവ-അജൈവ മാലിന്യങ്ങളുടെ ശേഖരണം, യൂസർ ഫീസ് പിരിവ്, കണക്ക് സൂക്ഷിപ്പ്, പ്ലാന്റിലേക്കുള്ള മാലിന്യ നീക്കം, ഇതിൽ ഹരിതകർമ്മ സേനക്കും കൺസോർഷ്യത്തിനും പങ്ക്/കർത്തവ്യം, സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത മാലിന്യ പരിപാലന സൊസൈറ്റി വണ്ടിപെരിയാർ ഗ്രാമ പഞ്ചായത്ത് എന്ന സംരംഭത്തിന് ഇതുമായി ബന്ധപ്പെട്ട് ചുമതലയുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ തുടങ്ങി മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് പ്രാഥമിക കാര്യങ്ങളിലെല്ലാം തികഞ്ഞ അവ്യക്തതയാണുള്ളത്. ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

സത്രത്തിലെ ഖരമാലിന്യ പ്ലാന്റിൽ പ്രവർത്തിക്കുന്ന ജൈവവള നിർമ്മാണ യൂണിറ്റിന്റെ ഉടമസ്ഥത ഗ്രാമ പഞ്ചായത്തിനാണോയെന്നും ഹരിത കർമ്മ സേനക്കോ സേന കൺസോർഷ്യത്തിനോ യൂണിറ്റിന്റെ ചുമതല കൈമാറിയിട്ടുണ്ടോയെന്നും വ്യക്തമല്ല.

മാലിന്യ പരിപാലന സൊസൈറ്റി വണ്ടിപെരിയാർ ഗ്രാമപഞ്ചായത്ത് എന്ന സംരംഭത്തിന് റിവോൾവിംഗ് ഫണ്ട് നല്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ മേൽ നോട്ടത്തിലുള്ള പ്രസ്തുത സൊസൈറ്റിയാണ് ജൈവവള നിർമ്മാണ യൂണിറ്റ് നടത്തുന്നതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ പറയുന്നു. ഈ സൊസൈറ്റിക്കാണോ ജൈവവള നിർമ്മാണ യൂണിറ്റിന്റെ ചുമതലയെന്നും ആണെങ്കിൽ അതു സംബന്ധിച്ച കരാർ എന്തെങ്കിലുമുണ്ടോയെന്നും വ്യക്തമാകേണ്ടതുണ്ട്.

ഗ്രാമ പഞ്ചായത്ത് തെരുവുകളിൽ നിന്നുള്ള ജൈവ മാലിന്യങ്ങൾ ശേഖരിക്കാനുള്ള ചുമതല, യൂസർ ഫീസ് പിരിവ്, കണക്ക് സൂക്ഷിപ്പ്, പ്ലാന്റിലേക്കുള്ള മാലിന്യ നീക്കം, ശേഖരിച്ച മാലിന്യം സൊസൈറ്റിക്കോ ജൈവനിർമ്മാണ യൂണിറ്റിനോ കൈമാറുന്നതിനുള്ള കരാർ തുടങ്ങിയ പ്രാഥമിക കാര്യങ്ങളെക്കുറിച്ചുള്ള വിവരം പോലും പഞ്ചായത്തിൽ ലഭ്യമല്ല.

ജൈവവള നിർമ്മാണ യൂണിറ്റിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെയും യൂണിറ്റ്/കൺസോർഷ്യവുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന ഓഫീസ് അക്കൗണ്ടന്റ്, പ്രോജക്ട് മാനേജർ, പ്ലാന്റ് ഓപ്പറേറ്റർ എന്നിവരുടെ നിയമനം, ഹാജർ, വേതനം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് യാതൊരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ജൈവവള നിർമ്മാണ യൂണിറ്റിൽ ഉപയോഗിക്കുന്ന "ഹരിത കർമ്മ സേന കൺസോർഷ്യം വണ്ടിപെരിയാർ ഗ്രാമ പഞ്ചായത്ത് " എന്ന രേഖപ്പെടുത്തലുള്ളതും പ്രൊജക്ട് മാനേജർ എന്ന പേരിൽ ശ്രീ. എം ഹരിദാസ് എന്ന വ്യക്തി വാങ്ങിയതുമായ മഹിന്ദ്ര പിക്കപ്പ് വാഹനം കൺസോർഷ്യത്തിന് കൈമാറിയതായ ഒരു കരാർ ലഭ്യമാക്കിയിട്ടുണ്ട്. മോട്ടോർ വാഹന നിയമ പ്രകാരം നടപടികൾ സ്വീകരിക്കാതെ RC ഉടമസ്ഥത മാറ്റാൻ സാധിക്കില്ലായെന്നിരിക്കെ കേവലം കൈമാറ്റകരാർ ചമച്ചതിന്റെ കാരണം വ്യക്തമല്ല. നിലവിൽ വാഹനത്തിന്റെ ഉടമസ്ഥനായ ശ്രീ. എം ഹരിദാസിന് പ്രസ്തുത സമിതി, ഹരിത കർമസേനാ കൺസോർഷ്യം എന്നിവയുമായുള്ള നിയമപരമായ ബന്ധം വ്യക്തമല്ല.

ജൈവവള നിർമ്മാണ യൂണിറ്റിന്റെ ചുമതല ഹരിത കർമസേനാ കൺസോർഷ്യത്തിനാണെന്ന് ഭംഗ്യന്തരേണ സൂചിപ്പിക്കുകയും എന്നാൽ കൺസോർഷ്യത്തിന്റെയോ പ്ലാന്റിലെ അംഗങ്ങളുടെയോ പേരിൽ വാഹനം വാങ്ങാൻ സാങ്കേതിക കാരണങ്ങളാൽ കഴിഞ്ഞില്ലെന്നും വാഹന ഉടമസ്ഥാവകാശ കൈമാറ്റ കരാറിൽ പരാമർശമുണ്ട്. സർക്കാർ ഉത്തരവു പ്രകാരം രൂപീകൃതമായ ഒരു അധികാര സമിതിക്ക് സ്വന്തം പേരിൽ വാഹനം വാങ്ങാനുള്ള അയോഗ്യത / സാങ്കേതിക പ്രശ്നം എന്തെന്ന് വ്യക്തമല്ല. വാഹനത്തിന്റെ വായ്പതുക അടക്കമുള്ള സാമ്പത്തിക ബാദ്ധ്യതകളും കൺസോർഷ്യത്തിൽ നിക്ഷിപ്തമായിരിക്കുമെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഹരിത കർമസേനാ കൺസോർഷ്യത്തിന് തികച്ചും അപരിചിതനായ ശ്രീ.എം ഹരിദാസിന്റെ പേരിൽ വാഹനം വാങ്ങിയതിന്റെ കാരണം വ്യക്തമല്ല.

മേൽ സൂചിത കാര്യങ്ങൾക്ക് വ്യക്തത വരുത്തേണ്ടതാണ് എന്ന് സൂചിപ്പിച്ച് എൻക്വയറി(നം.8) നല്കിയെങ്കിലും മറുപടി ലഭിച്ചില്ല.

12.08.2020-ലെ സ.ഉ.(സാധാ) നം. 1496/2020/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച "ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗരേഖ "യിൽ ഹരിത കർമ്മ സേനയുടെയും കൺസോർഷ്യത്തിന്റെയും സംഘാടനം, ഏകോപനം, പ്രവർത്തനം, കണക്കെഴുത്ത് തുടങ്ങിയ എല്ലാ കാര്യങ്ങളെ സംബന്ധിച്ചും കൃത്യമായ വിശദീകരണത്തോടെ വ്യക്തത വരുത്തിയിട്ടുണ്ട്. ആയതിനാൽ മേൽ സൂചിത കാര്യങ്ങളിൽ അടിയന്തിര ശ്രദ്ധ നല്കി മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 കർഷക ഗ്രൂപ്പുകൾക്കുള്ള റിവോൾവിംഗ് ഫണ്ട്-തിരിച്ചടവ് ഉറപ്പ് വരുത്തേണ്ടതാണ്.

പ്രോജക്റ്റ് നം. എസ് 232/21. അടങ്കൽ തുക ₹ 100000/-

ചെലവു തുക ₹100000/-

ബിൽ നം.20100252009001437162/30.03.2021

കർഷക ഗ്രൂപ്പുകൾക്കുള്ള റിവോൾവിംഗ് ഫണ്ട് തൻവർഷം കൃഷി ഓഫീസർ വിതരണം ചെയ്തത് സ.ഉ.(കൈ) നം.22/2018/തസ്വഭവ /14.02.2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ്.

മേൽ സൂചിത ബിൽ പ്രകാരം നർജിൽ ജെഎൽജി എന്ന സംരംഭത്തിന്റെ അക്കൌണ്ടിലേയ്ക്കാണ് തുക നല്കിയിരിക്കുന്നത്. റിവോൾവിംഗ് ഫണ്ട് പ്രതിമാസ തിരിച്ചടവ് തുകയും തവണകളും മറ്റ് വ്യവസ്ഥകളും ഉൾപ്പെടുത്തി സംരംഭകരും നിർവഹണ ഉദ്യോഗസ്ഥനുമായി ഒന്നിച്ചും പ്രത്യേകമായും കരാർ വയ്ക്കണം എന്ന വ്യവസ്ഥ പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ തിരിച്ചടവ് പത്രികയിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കാലയളവ് | പ്രതിമാസ തിരച്ചടവ് തുക ₹ | ആകെ തുക ₹ |
|---|---|---|
| ജൂൺ 2021 മുതൽ ഫെബ്രുവരി 2022 വരെ (9 മാസം) | 1500 | 13500 |
| 2022 മാർച്ച് മുതൽ 2025 ഏപ്രിൽ വരെ (38 മാസം) | 2250 | 85500 |
| 2025 മെയ് | 1000 | 1000 |
| | ആകെ | 100000 |

മേൽ സൂചിത പട്ടിക പ്രകാരമുള്ള തിരിച്ചടവ് ബാങ്ക് സ്ലിപ്പുകളുടെ പകർപ്പുകൾ അതാത് സമയം നിർവഹണ ഉദ്യോഗസ്ഥന് നൽകി രജിസ്റ്ററിൽ വരവ് വയ്ക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടുണ്ട്. ഇതുവരെ ₹10500/- തിരിച്ചടച്ചിട്ടുണ്ട്. ബാക്കി തുക കൃത്യമായി തിരിച്ചടയ്ക്കുന്നുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

1-25 ജൈവ പച്ചക്കറികൃഷി (മൺചട്ടിയിൽ)- യൂണിറ്റ് കോസ്റ്റിൽ അധിക നിരക്കിൽ തുക അനുവദിച്ചു

പ്രോജക്റ്റ് നം. എസ് 209/21. അടങ്കൽ തുക ₹787500/-
ബിൽ നം.20100252009001437074/30.03.2021 ₹180000/-

തൻവർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിൽ വണ്ടിപെരിയാർ ഗ്രാമപഞ്ചായത്ത് കാർഷിക കർമ്മസേനയിൽ നിന്ന് പോട്ടിംഗ് മിശ്രിതം നിറച്ച ഒരു ചട്ടിയ്ക്ക് ₹150/- എന്ന കണക്കിൽ 20 ചട്ടികൾ അടങ്ങുന്ന ഒരു യൂണിറ്റിന് ₹3000/- എന്ന നിരക്കിൽ 80 യൂണിറ്റുകൾ വാങ്ങി 80 ഗുണഭേക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. (ബിൽ നം. 101/16.03.2021, തുക ₹240000/-). പ്രസ്തുത തുകയുടെ അനുവദനീയമായ 75% സബ്സിഡി തുകയായ ₹180000/- മേൽ നമ്പർ ബിൽ പ്രകാരം നൽകിയിട്ടുണ്ട്.

കൃഷി ഓഫീസർ ലഭ്യമാക്കിയ രേഖകൾ പ്രകാരം, 2020-21 സാമ്പത്തിക വർഷത്തിൽ പോട്ടിംഗ് മിശ്രിതം നിറച്ച ഗ്രോബാഗ്/ചട്ടി എന്നയിനത്തിന്റെ ഇടുക്കി ജില്ലാതലത്തിൽ നിർണയിച്ച യൂണിറ്റ് കോസ്റ്റ് ₹80/- മാത്രമാണ്. അതിൻ പ്രകാരം ഒരു യൂണിറ്റിന് അനുവദിക്കാവുന്ന പരമാവധി തുക ₹1600/- മാത്രമാണ് . സബ്സിഡിയായി പരമാവധി നൽകാവുന്ന തുക യൂണിറ്റ് കോസ്റ്റിന്റെ 75% തുകയായ ₹1200/-മാത്രമാണ്. അധികരിച്ച നിരക്കിൽ തുക അനുവദിച്ചതുവഴി ഗ്രാമ പഞ്ചായത്തിന് നഷ്ടമുണ്ടായിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഒരു യൂണിറ്റിന്റെ വില (20x150) | 3000 |
| 80 യൂണിറ്റിന്റെ വാങ്ങിയ വില (80x3000) | 240000 |
| അനുവദിച്ച സബ്സിഡി തുക (75%) (2250x80) | 180000 |
| ഒരു യൂണിറ്റിന് അനുവദിക്കാവുന്ന തുക (20x80) | 1600 |
| ആകെ അനുവദിക്കാവുന്ന സബ്സിഡി തുക (1200x80) | 96000 |
| അധികമായി നൽകിയ തുക (180000-96000) | 84000 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.15/06.01.2022) മറുപടി ലഭിച്ചില്ല.
1994-ലെ കേരള ലോക്കൽ ഫണ്ട് നിയമത്തിലെ സെക്ഷൻ 2(എൽ)-ൽ സൂചിപ്പിക്കുന്ന പ്രകാരമുള്ള വീഴ്ച ഉണ്ടായതിനാൽ ₹84000/- ഗ്രാമ പഞ്ചായത്തിന് നഷ്ടമായി മാറിയിരിക്കുന്നു. നഷ്ട തുക പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക അനുവദിച്ച നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കുന്നതിന് പ്രസ്തുത നിയമത്തിലെ സെക്ഷൻ 16(1) പ്രകാരം സർചാർജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

1-26 തേനീച്ച വളർത്തൽ- യൂണിറ്റ് കോസ്റ്റിൽ അധികരിച്ച നിരക്കിൽ തുക അനുവദിച്ചു

പ്രോജക്റ്റ് നം. എസ് 573/21. അടങ്കൽ തുക ₹99840/-

ബിൽ നം.201002520091265261/16.03.2021 ₹19800/-

തൻവർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ഹൈറേഞ്ച് ബീകീപ്പിംഗ് തൊപ്പിപ്പാള എന്ന സ്ഥാപനത്തിൽ നിന്ന് ഒരു യൂണിറ്റിന് ₹1500/- എന്ന നിരക്കിൽ 22 യൂണിറ്റുകൾ വാങ്ങി 11 ഗുണഭേക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. (ബിൽ നം. 784/03.03.2021, തുക ₹33000/-). പ്രസ്തുത തുകയുടെ അനുവദനീയമായ 60% സബ്സിഡി

തുകയായ ₹19800/- മേൽ നമ്പർ ബിൽ പ്രകാരം അനുവദിച്ചിട്ടുണ്ട്.

കൃഷി ഓഫീസർ ലഭ്യമാക്കിയ രേഖകൾ പ്രകാരം, 2020-21 സാമ്പത്തിക വർഷത്തിൽ തേനീച്ചയും കൂട്ടും എന്നയിനത്തിന്റെ ഇടുക്കി ജില്ലാതലത്തിൽ നിർണയിച്ച യൂണിറ്റ് കോസ്റ്റ് ₹1200/- മാത്രമാണ്. ആയതിനാൽ പരമാവധി നൽകാവുന്ന സബ്സിഡി തുക യൂണിറ്റ് കോസ്റ്റിന്റെ 60% തുകയായ ₹720/-മാത്രമാണ്. അധികരിച്ച നിരക്കിൽ തുക അനുവദിച്ചതുവഴി ഗ്രാമ പഞ്ചായത്തിന് നഷ്ടമുണ്ടായിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അനുവദിച്ച തുക (900x22) | 19800 |
| അനുവദിക്കാവുന്ന തുക (720x22) | 15840 |
| അധികമായി നൽകിയ തുക | 3960 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.13/06.01.2022) മറുപടി ലഭിച്ചില്ല.
1994-ലെ കേരള ലോക്കൽ ഫണ്ട് നിയമത്തിലെ സെക്ഷൻ 2(എൽ)-ൽ സൂചിപ്പിക്കുന്ന പ്രകാരമുള്ള വീഴ്ച ഉണ്ടായതിനാൽ ₹3960/- ഗ്രാമ പഞ്ചായത്തിന് നഷ്ടമായി മാറിയിരിക്കുന്നു. നഷ്ട തുക പലിശ സഹിതം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-27 മാലിന്യ പരിപാലന സൊസൈറ്റിക്ക് റിവോൾവിംഗ് ഫണ്ട്- പദ്ധതി നടത്തിപ്പിൽ അപാകതകൾ

പ്രോജക്ട് നം. എസ് 232/21. അടങ്കൽ തുക ₹325000/-

ചെലവു തുക ₹325000/-

ബിൽ നം.20100252009500478199/26.08.2020

ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്ന മാലിന്യ പരിപാലന സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് തുക ചെലവഴിക്കുന്നതിനായും മാലിന്യ സംസ്കരണത്തിന് ആവശ്യമായ ചാണകം, ചകിരിച്ചോറ്, മറ്റ് സംസ്കരണ ഉപാധികൾ എന്നിവ വാങ്ങുന്നതിന് മുൻകൂർ നല്കുന്നതിനായും മാലിന്യ പരിപാലന സൊസൈറ്റിക്ക് (ഹരിത കർമ്മ സേന) റിവോൾവിംഗ് ഫണ്ട് നല്കുകയെന്നതാണ് തൻവർഷം വി.ഇ.ഒ. നിർവ്വഹണം നടത്തിയ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്.

സ.ഉ.(കൈ) നം.22/2018/തസ്വഭവ/14.02.2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ക്രമ നമ്പർ 6.4.21.1-ൽ ചേർത്തിരിക്കുന്ന വ്യവസ്ഥകൾ പൂർണമായി പാലിക്കാതെയാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
പ്രവാസികൾ ഉൾപ്പെടെയുള്ള യുവസംരംഭകരുടെ കൂട്ടായ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായിട്ടാണ് റിവോൾവിംഗ് ഫണ്ട് നല്കുന്നത് എന്നതിനാൽ വ്യവസ്ഥ 2-ൽ സംരംഭകത്വ ഗ്രൂപ്പുകളിലെ അംഗങ്ങൾ 18-60 വയസ്സിനിടയിൽ പ്രായമുള്ളവരായിരിക്കണമെന്ന് ചേർത്തിട്ടുണ്ട്. ഇത് തെളിയിക്കുന്ന രേഖകൾ ഫയലില്ല.
സംരംഭകർ വ്യക്തിഗത വിവരങ്ങൾ ഉൾപ്പെടുത്തി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സംരംഭം സംബന്ധിച്ച പ്രൊജക്ട് പ്രൊപ്പോസൽ നല്കി രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ 4-ഉം പാലിച്ചതായി രേഖയില്ല.

മേൽ സൂചിത ബിൽ പ്രകാരം ജൈവം ജെഎൽജി എന്ന സംരംഭത്തിന്റെ അക്കൌണ്ടിലേയ്ക്കാണ് തുക നല്കിയിരിക്കുന്നത്. എന്നാൽ ഫയലിൽ ലഭ്യമായ അപേക്ഷ, മിനിറ്റ്സ്, പ്രവർത്തന റിപ്പോർട്ട്, എക്സി. മെമ്പേഴ്സ് ലിസ്റ്റ്, തിരിച്ചടവ് പത്രിക, കരാർ എന്നിവയിൽ മാലിന്യ പരിപാലന സൊസൈറ്റി വണ്ടിപെരിയാർ ഗ്രാമപഞ്ചായത്ത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത രേഖകളൊന്നും തന്നെ വിശ്വാസ്യത തെളിയിക്കുന്ന രീതിയിലല്ല തയ്യാറാക്കിയിരിക്കുന്നത്. തുക കൈപ്പറ്റിയ സംരംഭമല്ല രേഖകൾ ലഭ്യമാക്കിയതടക്കമുള്ള ഇടപാടുകൾ നടത്തിയതും നിർവഹണ ഉദ്യോഗസ്ഥനുമായി കരാറിലേർപ്പെട്ടതും. രണ്ട് സംരംഭങ്ങളുടെയും വിശ്വാസ്യത ഉറപ്പാക്കുന്ന അംഗീകൃത രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അടക്കമുള്ള പ്രധാന രേഖകൾ യാതൊന്നും ഫയലില്ല.
മേൽ സൂചിത ബിൽ പ്രകാരം ജൈവം ജെഎൽജി എന്ന സംരംഭത്തിന്റെ അക്കൌണ്ടിലേയ്ക്ക് ₹325000/-യാണ് നല്കിയിരിക്കുന്നത്. മാലിന്യ പരിപാലന സൊസൈറ്റി വണ്ടിപെരിയാർ ഗ്രാമപഞ്ചായത്ത് കൈപ്പറ്റിയ തുക ₹300000/- മാത്രമെന്നാണ് കരാറിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

തുക വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട 6.4.21.2-ലെ വ്യവസ്ഥകളും പൂർണമായി പാലിച്ചിട്ടില്ല. അപാകതകൾ ചുവടെ ചേർക്കുന്നു.
വ്യവസ്ഥ 1-പ്രകാരം അഞ്ചോ അതിലധികമോ പേരുള്ള ഒരു ഗ്രൂപ്പിന് ഗ്രാമപഞ്ചായത്തുകൾ വഴി നല്കാവുന്ന പരമാവധി തുക ₹250000/- മാത്രമാണ്. ആയതിനാൽ മേൽ പ്രോജക്ട് പ്രകാരം ₹75000/- അധികമായി നല്കിയത് ക്രമവിരുദ്ധമാണ്.
റിവോൾവിംഗ് ഫണ്ട് പ്രതിമാസ തവണകളായി തിരികെ അടയ്ക്കണം എന്ന വ്യവസ്ഥ (6.4.21.2.3) ഇതുവരെ പാലിച്ചിട്ടില്ല. നിർവഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ തിരിച്ചടവ് പത്രികയിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| കാലയളവ് | പ്രതിമാസ തിരിച്ചടവ് തുക ₹ | ആകെ തുക ₹ |
|---|---|---|
| ഓഗസ്റ്റ് 2020 മുതൽ ഡിസംബർ 2020 വരെ (5 മാസം) | 5000 | 25000 |
| 2021 (12 മാസം) | 10000 | 120000 |
| 2022 ( 12 മാസം) | 10000 | 120000 |
| 2023 ( 12 മാസം) | 3000 | 35000* |
| | ആകെ | 300000 |

* 36000 എന്ന് വരേണ്ടിടത്ത് 35000 എന്നാണ് ചേർത്തിരിക്കുന്നത്.

മേൽ പട്ടിക പ്രകാരം ഇതുവരെ ₹145000/- തിരിച്ചടവ് വരേണ്ടിയിരുന്നെങ്കിലും തുകയൊന്നും ലഭിച്ചിട്ടില്ല.

റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ല. താത്കാലിക പലിശരഹിത പ്രോത്സാഹനം മാത്രമാണ് (6.4.21.2.2) എന്ന വ്യവസ്ഥയുള്ളതിനാൽ 25000/- രൂപ കുറഞ്ഞുള്ള മേൽ തിരിച്ചടവ് പത്രികയിൽ തെറ്റുണ്ട്.
റിവോൾവിംഗ് ഫണ്ട് പ്രതിമാസ തിരിച്ചടവ് തുകയും തവണകളും മറ്റ് വ്യവസ്ഥകളും ഉൾപ്പെടുത്തി സംരംഭകരും നിർവഹണ ഉദ്യോഗസ്ഥനുമായി ഒന്നിച്ചും പ്രത്യേകമായും കരാർ വയ്ക്കണം എന്ന വ്യവസ്ഥയും (6.4.21.2.10) പാലിച്ചിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.3/04.01.2022) മറുപടി ലഭിച്ചില്ല
മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഇപ്രകാരം റിവോൾവിംഗ് ഫണ്ട് നല്കിയതിനാൽ ₹325000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 തുക അടവ് വരുത്തിയിട്ടും വിത്തുകളും തൈകളും ലഭിച്ചില്ല

ചുവടെ ചേർക്കുന്ന പദ്ധതികളുടെ ചെലവ് തുക വണ്ടിപെരിയാറുള്ള സ്റ്റേറ്റ് വെജിറ്റബിൾ ഫാമിൽ അടവ് വരുത്തിയിട്ടും ഇതുവരെ വിത്തുകളോ തൈകളോ ലഭിച്ചിട്ടില്ല.

| പ്രോജക്ട് | സുഭിക്ഷകേരളം- പച്ചക്കറി കൃഷി പ്രോത്സാഹനം (വിത്ത് വിതരണം) (328/21) | സുഭിക്ഷകേരളം- പച്ചക്കറി കൃഷി പ്രോത്സാഹനം (പച്ചക്കറി തൈ വിതരണം) (329/21) |
|---|---|---|
| അടങ്കൽ തുക | 62500 | 250000 |
| ചെലവു തുക | 62500 | 250000 |
| ബിൽ നം./തീയതി | 22/22.03.2021 | 16/18.03.2021 |

അടിയന്തിര നടപടികൾ സ്വീകരിച്ച് വിത്തുകളും തൈകളും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈയിനത്തിലുള്ള ₹312500/- ആകെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 ടെണ്ടർ നടപടികൾ ഒഴിവാക്കി നിർവ്വഹണം നടത്തി

| | |
|---|---|
| വൗച്ചർ നം. | 22000033 |
| പി.ഒ | 52000030 |
| തീയതി | 08.04.2020 |
| തുക | ₹96660/- |

ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കുന്ന നടപടികൾക്കായി ബോർഡുകൾ, സ്റ്റിക്കറുകൾ, ഫ്രെയിമുകൾ എന്നിവ തയ്യാറാക്കിയതിന് ക്വട്ടേഷൻ മുഖാന്തിരം കരിയിലക്കുളങ്ങര ശ്രുതി പ്ലാസ്റ്റിക്ക് വർക്ക്സ് എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും ₹96660/- തനത് ഫണ്ടിൽ നിന്നും നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വേലയ്ക്ക് പ്രോജക്ട് തയ്യാറാക്കിയതായി കാണുന്നില്ല. ₹60000/- യ്ക്ക് മുകളിലുള്ള വേലകൾക്ക് ലിമിറ്റഡ് ടെണ്ടർ മുഖേനയാണ് നിർവ്വഹണം നടത്തേണ്ടതാണെന്നിരിക്കെ ക്വട്ടേഷൻ മുഖേനയാണ് വേല നടപ്പാക്കിയിരിക്കുന്നത്. ഇത് മാർഗ്ഗ നിർദ്ദേശങ്ങൾക്ക് എതിരായ പ്രവൃത്തിയാണ്. ഭാവിയിൽ പ്രവർത്തനങ്ങൾ നടത്തുമ്പോൾ മാർഗ്ഗ നിർദ്ദേശങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും എതിരായി പ്രവർത്തനങ്ങൾ നടപ്പാക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-30 ഓഡിറ്റ് സൂപ്പർവൈസറുടെ അംഗീകാരം ഇല്ലാതെ ശമ്പളം മാറി-₹255240 ചെലവ് തടസ്സം

സെക്രട്ടറിയുടെ താഴെ പരാമർശിക്കുന്ന മാസങ്ങളിലെ ശമ്പള ബില്ലുകൾ പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസറുടെ അംഗീകാരം ഇല്ലാതെയാണ് പണമാക്കി മാറ്റിയത്.

| ക്രമ നം. | മാസം | ശമ്പള തുക ₹ (ഗ്രോസ്സ്) | മാറിയ തീയതി | വൗച്ചർ നം. |
|---|---|---|---|---|
| 1 | 03/2020 | 62730 | 06.04.2020 | 22000002<br>തീയതി 06.04.2020 |
| 2 | 04/2020 | 64170 | 03.05.2020 | 22000065<br>തീയതി 03.05.2020 |
| 3 | 05/2020 | 64170 | 02.06.2020 | 22000145<br>തീയതി 02.06.2020 |
| 4 | 06/2020 | 64170 | 01.07.2020 | 22000230<br>തീയതി 01.07.2020 |
| | ആകെ | 255240 | | |

പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസറുടെ അംഗീകാരം ഇല്ലാതെ ശമ്പളം മാറിയതിനാൽ ₹255240/-യുടെ ചെലവ് തടസ്സം

ചെയ്യുന്നു.

1-31 ₹10000/- ൽ അധികരിച്ച് പെറ്റി വേലകൾ നടത്തിയത്

ഗ്രാമ പഞ്ചായത്തിലെ രണ്ട് റോഡ് പുനരുദ്ധാരണ പദ്ധതികൾക്ക് ₹10000/- ൽ അധികരിച്ച് ചെലവ് വന്നെങ്കിലും പെറ്റി വർക്കുകളായാണ് ചെയ്തിരിക്കുന്നത് എന്ന് കാണുന്നു.

| ക്രമ നം | പദ്ധതി | ചെലവ് തുക ₹ | വൗച്ചർ നം & തീയതി |
|---|---|---|---|
| 1 | പുഷ്പമല റോഡ് മെയിന്റനൻസ് | 12480 | 22000769,27.10.2020 |
| 2 | തേങ്ങാക്കൽ റോഡ് മെയിന്റനൻസ് | 13440 | 22000771, 27.10.2020 |

₹10000/- ൽ അധികരിച്ച് പെറ്റി വേലകൾ നടത്തിയത് മാർഗ്ഗ നിർദ്ദേശങ്ങൾക്ക് എതിരാണ്. പെറ്റി വർക്കുകൾ ₹10000/- ൽ അധികരിക്കാതെ നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-32 തുണി സഞ്ചി, പേപ്പർകവർ, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് - റിവോൾവിംഗ് ഫണ്ട് - തിരിച്ചടവ് വിവരം ലഭ്യമല്ല

| | |
|---|---|
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രോജക്ട് | തുണി സഞ്ചി പേപ്പർ കവർ, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് (230/21) |
| അടങ്കൽ | 250000/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | Bill No.201002520150003 63731/22.07.2020 (വികസന ഫണ്ട് ജനറൽ)<br>250000/- (Keerthana ME Unit) |

മേൽ പദ്ധതി പ്രകാരം കുടുംബശ്രീ യൂണിറ്റായ കീർത്തന എം. ഇ. യൂണിറ്റിന് റിവോൾവിംഗ് ഫണ്ടായി 250000/- നൽകിയിട്ടുണ്ട്. സ്ഥാപനവുമായി ഏർപ്പെട്ട കരാർ പ്രകാരം 2020-21 വർഷം ₹20000/-, 2021-22 വർഷം മുതൽ പ്രതിമാസം ₹10000/- നിരക്കിൽ ലഭിച്ച തുക പൂർണ്ണമായും തിരിച്ചടച്ചുകൊള്ളാമെന്ന് കരാർ ചമച്ചിരുന്നു. ഇപ്രകാരം തുക തിരിച്ചടച്ചതിന്റെ വിവരം ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

1-33 വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നതായി 2020-21 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ B-4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് യഥാവിധി ചെലവഴിക്കുകയോ അല്ലാത്തപക്ഷം ബന്ധപ്പെട്ട അക്കൗണ്ടിൽ തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

| | |
|---|---|
| പശ്ചിമ ഘട്ട വികസന പദ്ധതി (320100119) | 500000 |
| ഐ.സി.ഡി.എസ് (320100121) | 2537573 |
| പട്ടികവർഗ്ഗ വികസനം (320200214) | 69092 |
| ശബരിമല സ്പെഷ്യൽ ഫണ്ട് (320200301) | 535815 |
| അംഗനവാടി വൈദ്യുതി (320200304) | 22000 |
| കുടിവെള്ളപദ്ധതി ഗ്രാന്റ് (320200305) | 299719 |
| ശുചിത്വമിഷൻ (320200322) | 13076166 |
| കേരളോത്സവം (320200323) | 22 |
| പഞ്ചായത്ത് ഇലക്ഷൻ (320200399) | 7988 |
| സമ്പൂർണ്ണ ശുചിത്വം (320300103) | 81050 |
| ലൈഫ് ഗ്രാന്റ് (320300199) | 37060603 |
| വിമുക്തി/ODF (320800199) | 96490 |
| നിർമ്മൽ പുരസ്കാരം (320900101) | 250000 |

1-34 വെള്ളക്കരം അടവാക്കാത്തത്

ഗ്രാമ പഞ്ചായത്തിലെ വെള്ളക്കരം അടവാക്കുന്നില്ല എന്ന് കാണുന്നു. രജിസ്റ്റർ പരിപാലിക്കാത്തതിനാൽ കുടിശിക കാലയളവ് വ്യക്തമല്ല. 72 പൊതു ടാപ്പുകൾക്ക് പ്രതിമാസം ₹33078/- നിരക്കിലാണ് കേരളാ ജല അതോറിറ്റി ചാർജ്ജ് ഡിമാന്റ് ചെയ്യുന്നത്. അവസാനം ലഭിച്ച ബിൽ- ബിൽ നം 56859 തീ 12-10-2021 പ്രകാരം പലിശ ₹18138/- സഹിതം ₹974358/- അടവാക്കുവാൻ അവശേഷിക്കുന്നു. 02.08.2021-ൽ നടത്തിയ സംയുക്ത പരിശോധനയിൽ 70 ടാപ്പുകൾ കണ്ടെത്തി. എന്നാൽ ഈ ടാപ്പുകളിൽ എത്ര എണ്ണം പ്രവർത്തനക്ഷമമാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ വിവിധ പദ്ധതികൾ മൂലം ഒട്ടുമിക്ക ഭവനങ്ങളിലും ഹൗസ് കണക്ഷൻ ഉണ്ടായിരിക്കാം. ഇത്തരം സ്ഥലങ്ങൾ കണ്ടെത്തി പൊതു ടാപ്പിന്റെ ആവശ്യകത അനിവാര്യം ആണോ എന്ന് പരിശോധിച്ച് ടാപ്പുകളുടെ എണ്ണം ക്രമപ്പെടുത്തി വെള്ളക്കരം പുനർ നിർണ്ണയിക്കേണ്ടതാണ്. വളരെ നാളുകളായി ഗ്രാമപഞ്ചായത്തിൽ വെള്ളക്കരം അടവാക്കാത്തതിനാൽ വൻ തുക പലിശ നല്കേണ്ട സ്ഥിതി വിശേഷമാണുള്ളത്. ജല

അതോറിറ്റിയുമായി ഒരു അദാലത്ത് നടത്തി പലിശയിളവിന് ശ്രമിച്ച് വെള്ളക്കരമിനത്തിലുള്ള കുടിശ്ശിക അവസാനിപ്പിക്കേണ്ടതാണ്.

1-35 തെരുവ് വിളക്കുകൾ- അവലോകനം

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾക്കായി പ്രതിമാസം രണ്ട് ലക്ഷത്തി ഇരുപതിനായിരത്തിലധികം രൂപ അടവാക്കുന്നു എന്ന് കാണുന്നു. 2019-20 ൽ ₹2327912/-, 2020-21 ൽ ₹2665690/- എന്നിങ്ങനെ വൻ തുക പ്രതിവർഷം ചെലവ് വരുന്നു. തെരുവ് വിളക്കുകൾക്ക് പൂർണ്ണമായും മീറ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടു കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 27.03.203 ലെ 65529/ഡി.സി3/12 ലെ നിർദ്ദേശം പാലിച്ചിട്ടില്ല. കെ.എസ്.ഇ. ബോർഡ് സെക്രട്ടറിയുടെ 23.02.2004 ലെ എൽ.ജി/സി.ഒ.എം 3515/98 സർക്കുലറിലെ നിർദ്ദേശാനുസരണം പുറപ്പെടുവിച്ച ബി.ഒ (എഫ്.ബി) 496/2004 ലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മീറ്റർ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം (ബൾബ്, ട്യൂബ്, സി.എഫ്.എൽ, സോഡിയം വേപ്പർ ലാമ്പ്) എന്നിവ കാണിക്കുന്ന രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ ഊർജ്ജം കുറവ് ആവശ്യമായ ഇനത്തിലേയ്ക്ക് മാറേണ്ടതാണ്. തെരുവ് വിളക്കുകൾ എല്ലാം പ്രവർത്തന ക്ഷമമാണെന്നും പ്രവർത്തനക്ഷമമായതിന് മാത്രം കേരളാ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 08.07.2019 ലെ OP15/2018 പ്രകാരം ചാർജ്ജ് അടവാക്കുന്നുണ്ടെന്നും അധിക തുക അടവാക്കുന്നില്ല എന്നും ഉറപ്പാക്കി ഈ ഇനത്തിൽ കൃത്യത വരുത്തേണ്ടതാണ്.

1-36 അങ്കണവാടികൾക്ക് പാത്രങ്ങൾ വാങ്ങൽ - അപാകതകൾ

| | |
|---|---|
| പദ്ധതി | അങ്കണവാടികൾക്ക് പാത്രങ്ങൾ വാങ്ങൽ (199/21) |
| അടങ്കൽ | 65000/- (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) |
| ചെലവ് | Bill No.20100252015001439020/30.03.2021<br>(മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം)<br>64675/- (FALA Traders) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |

അങ്കണവാടികൾക്ക് പാത്രങ്ങൾ വാങ്ങി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പദ്ധതിയ്ക്കായി ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല

2. താഴെപ്പറയും പ്രകാരം ക്വട്ടേഷൻ ലഭിച്ചതായി ഫയലിൽ കാണുന്നു.

| ക്രമ നം. | സ്ഥാപനം | സാധനങ്ങൾ | നിരക്ക് |
|---|---|---|---|
| 1 | ഫലാ ട്രേഡേഴ്സ്, വണ്ടിപ്പെരിയാർ | സ്റ്റീൽ പാത്രങ്ങൾ<br>അലുമിനിയം പാത്രങ്ങൾ<br>പ്ലാസ്റ്റിക് പാത്രങ്ങൾ | 995<br>930<br>900 |
| 2 | ചാന്തുകപറമ്പിൽ, ഈരാറ്റുപേട്ട | 1 Nos. | 1050 |
| 3 | ക്യാപ്റ്റൻ ട്രേഡേഴ്സ്, വണ്ടിപ്പെരിയാർ | ഇഡ്ഡലി പാത്രം | 1080 |

ഏത് തരം പാത്രങ്ങളാണ് ആവശ്യമെന്ന് വ്യക്തമല്ല.

3. 23.3.21 ലെ ബിൽ നം.190 പ്രകാരം ഫലാ ട്രേഡേഴ്സ് 995/- നിരക്കിൽ 65 അണ്ഡാവ് (ലിഡ്) വിലയായ 64675/- യുടെ ബിൽ ഫയലിലുണ്ട്. ആയതിന് മേൽ ബിൽ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഒരു ഇഡ്ഡലി പാത്രവും, ഒരു ചെറിയ കലവും, ഒരു അടപ്പ് എന്നിവ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് കാരണം വ്യക്തമല്ല.

4. അങ്കണവാടി നം.59, പള്ളിപ്പടി, നം.58, 62-ാം മൈൽ ലക്ഷംവീട് കോളനി എന്നീ അങ്കണവാടികളിൽ പരിശോധന നടത്തിയപ്പോൾ രണ്ട് തട്ടുള്ള ഒരു ഇഡ്ഡലി പാത്രവും, ഒരു ചെറിയ കലവും ലഭിച്ചതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അടപ്പ് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.6/5.1.22 ന് ലഭ്യമാക്കിയ മറുപടിയിൽ അണ്ഡാവിന്റെ വില പ്രോജക്റ്റിനേക്കാൾ അധികരിക്കും എന്നതിനാലാണ് മറ്റ് പാത്രങ്ങൾ വാങ്ങിയതെന്ന് അറിയിച്ചു. എന്നാൽ ബില്ലിൽ അണ്ഡാവിന്റെ വിലയാണ് നൽകിയത്. ഈ അപാകതകൾ നിലനിൽക്കുന്നതിനാൽ ₹64675/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-37 ഫെസ്റ്റിവൽ അഡ്വാൻസ് - തിരികെ ലഭിക്കാനുള്ളത് - ₹13000/-

മുൻകാലങ്ങളിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ വിതരണം ചെയ്ത തുകകളിൽ താഴെപ്പറയും പ്രകാരം ₹13000/- പഞ്ചായത്തിന് ലഭിക്കാനുള്ളതായി അഡ്വാൻസ് രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവും കാണുന്നു.

| ക്രമ നം. | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക/കൈപ്പറ്റിയ തീയതി (അഡ്വാൻസ് രജിസ്റ്റർ പ്രകാരം) |
|---|---|---|
| 1 | ആർ. വെള്ളയ്യൻ, സെക്രട്ടറി | 4000/11.09.2013 |

| | | |
|---|---|---|
| 2 | പി. വിജയകുമാർ, സെക്രട്ടറി | 3000/07.09.2016 |
| 3. | മോളി റ്റി. കെ., ഒ.എ. | 3000/ 22.08.2018 |
| 4. | മറിയാമ്മ ദേവസ്യ, സീനിയർ ക്ലർക്ക് | 3000/03.09.2019 |
| | ആകെ | 13000 |

പഞ്ചായത്തിന് ലഭിക്കാനുള്ള ₹13000/- തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-38 മാലിന്യ പരിപാലന പ്രവർത്തനങ്ങൾ- പദ്ധതി നടത്തിപ്പിൽ അപാകതകൾ

പ്രോജക്ട് നം. എസ് 229/21. അടങ്കൽ തുക ₹1000000/- (ജനറൽ)

ചെലവ് വിശദാംശങ്ങൾ

20100252009500468348/25.08.2020 ₹151500/-

20100252009500563556/28.09.2020 ₹131000/-

20100252009500709063/10.11.2020 ₹131000/-

20100252009500773746/25.11.2020 ₹141000/-

20100252009500875554/29.12.2020 ₹171650/-

20100252009501010165/29.01.2021 ₹205050/-

20100252009501168781/27.02.2021 ₹33000/-

20100252009501365621/26.03.2021 ₹33969/-

ആകെ ചെലവു തുക ₹998169/-

ജൈവവള നിർമ്മാണ യൂണിറ്റിലേക്കും എംസിഎഫിലേക്കുമുള്ള തൊഴിലാളികളെ നിയമിക്കുന്നതിനും ഡേറ്റാ എൻട്രി ചെയ്ത് പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കുന്നതിനും നിയമിച്ചിട്ടുള്ളവർക്ക് ശമ്പളം നല്കുന്നതിനുമാണ് തൻവർഷം വി.ഇ.ഒ. നിർവ്വഹണം നടത്തിയ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്.

പദ്ധതിയുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്ലാന്റിന്റെ/ജൈവ വള നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം, നടത്തിപ്പ് ചുമതല, തൊഴിലാളികളുടെ വേതനം, നിയമനം, തെരുവുകളിൽ നിന്നുള്ള ജൈവ-അജൈവ മാലിന്യങ്ങളുടെ ശേഖരണം, യൂസർ ഫീസ് പിരിവ്, കണക്ക് സൂക്ഷിപ്പ്, പ്ലാന്റിലേക്കുള്ള മാലിന്യ നീക്കം, ഇതിൽ ഹരിതകർമ്മ സേനക്കും കൺസോർഷ്യത്തിനും കർത്തവ്യമുണ്ടോ, സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത മാലിന്യ പരിപാലന സൊസൈറ്റി വണ്ടിപെരിയാർ ഗ്രാമ പഞ്ചായത്ത് എന്ന സംരംഭത്തിന് ചുമതലയുണ്ടോ തുടങ്ങി മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് പ്രാഥമിക കാര്യങ്ങളിലെല്ലാം തികഞ്ഞ അവ്യക്തതയാണുള്ളത്.

ഇപ്രകാരമുള്ള അവ്യക്തത നിലനിൽക്കുമ്പോൾതന്നെ ഏതാനും വ്യക്തികൾ ചില തസ്തികകളിൽ ജോലി ചെയ്യുന്ന രീതിയിൽ രേഖപ്പെടുത്തി മേൽ സൂചിത ബില്ലുകൾ പ്രകാരം മാസവേതനം കൈപ്പറ്റിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | തസ്തിക | ആകെ കൈപ്പറ്റിയ വേതനം ₹ |
|---|---|---|
| ശാലുമോൾ റ്റി തങ്കച്ചൻ | ഓഫീസ് അക്കൌണ്ടന്റ് | 152500 |
| എം ഹരിദാസ് | പ്രൊജക്ട് മാനേജർ | 144000 |
| ലിജോ റ്റി. | പ്ലാന്റ് സൂപ്പർവൈസർ | 92000 |
| | ആകെ | 388500 |

12.08.2020-ലെ സ.ഉ.(സാധാ) നം. 1496/2020/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച "ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗരേഖ "യിൽ ഹരിത കർമ്മ സേനയുടെയും കൺസോർഷ്യത്തിന്റെയും സംഘാടനം, ഏകോപനം, പ്രവർത്തനം, കണക്കെഴുത്ത് തുടങ്ങിയ എല്ലാ കാര്യങ്ങളെ സംബന്ധിച്ചും കൃത്യമായ വിശദീകരണത്തോടെ വ്യക്തത വരുത്തിയിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയിലൊരിടത്തും മേൽ സൂചിത രീതിയിലുള്ള തസ്തികകളെ സംബന്ധിച്ച പരാമർശങ്ങളോ അല്ലെങ്കിൽ അപ്രകാരമുള്ള തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താമെന്നോ സൂചിപ്പിക്കുന്നില്ല. ആയതിനാൽ ജൈവവള നിർമ്മാണ യൂണിറ്റ്/കൺസോർഷ്യവുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന ഓഫീസ് അക്കൌണ്ടന്റ്, പ്രോജക്ട് മാനേജർ, പ്ലാന്റ് സൂപ്പർവൈസർ എന്നിവർക്ക് സർക്കാർ മാർഗരേഖയ്ക്ക് വിരുദ്ധമായിട്ടാണ് വേതനം വിതരണം ചെയ്തിരിക്കുന്നത്. ഈയിനത്തിലുള്ള ₹388500/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കാത്തപക്ഷം സർചാർജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 16/06.01.2022) ക്ക് മറുപടി ലഭിച്ചില്ല.

1-39 ഈ-ടെൻഡർ ഫോം വില, നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ

ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം 55 പ്രോജക്ടുകൾക്കായി ഈ-ടെൻഡർ നടപടികൾ സ്വീകരിച്ചതിലൂടെ ₹194051/-ലഭിച്ചുവെങ്കിലും പ്രസ്തുത തുകകൾ ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. തുകകൾ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 കുത്തകക്കാരുമായി കരാർ ചമച്ചില്ല- ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ ഗ്രാമപഞ്ചായത്തിന് ₹326466/-നഷ്ടം

വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ നിന്ന് 2020-21 സാമ്പത്തിക വർഷത്തിൽ ₹326466/- പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം | വാടകക്കാരന്റെ പേര് | കെട്ടിട നമ്പർ | കുടിശ്ശിക വരുത്തിയ കാലയളവ് | പ്രതിമാസ വാടക | കുടിശ്ശിക മാസങ്ങൾ | വാടക യിനത്തിൽ പിരിച്ചെടു ക്കാൻ അവശേഷി ക്കുന്ന തുക | ജി.എസ്.ടി (18%) | പ്രളയ സെസ് | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | ശ്രീ. അനീഷ് ശിവപിള്ള ശ്രീവർണ്ണം | 18/77 | 03/2021 | 12348 | 1 | 12348 | 2223 | 22 | 200 രൂപ മുഖവിലയുള്ള മുദ്രപ്പത്രത്തിൽ കരാർ ചമച്ചിട്ടില്ല. |
| 2 | അസി. മാനേജർ, സപ്ലൈകോ വണ്ടിപ്പെരിയാർ | 18/725 | 06/2020 മുതൽ 03/2021 വരെ | 7009 | 10 | 70090 | 12616 | 126 | 200 രൂപ മുഖവിലയുള്ള മുദ്രപ്പത്രത്തിൽ കരാർ ചമച്ചിട്ടില്ല. |
| 3 | സെക്രട്ടറി, വനിതാ സഹകരണ സംഘം | 18/726 | 12/2020 മുതൽ 03/2021 വരെ | 7807 | 4 | 31228 | 5621 | 56 | 200 രൂപ മുഖവിലയുള്ള മുദ്രപ്പത്രത്തിൽ കരാർ ചമച്ചിട്ടില്ല. |
| 4 | എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് ഓഫീസ് വണ്ടിപ്പെരിയാർ | 18/735 | 06/2020 മുതൽ 03/2021 വരെ | 21280 | 10 | 212800 | 38304 | 383 | 200 രൂപ മുഖവിലയുള്ള മുദ്രപ്പത്രത്തിൽ കരാർ ചമച്ചിട്ടില്ല. |
| | | | | | ആകെ (₹) | 326466 | 58764 | 587 | 800 |
| | ആകെ മൊത്തം (₹) | | | | | 386617 (326466+58764+587+800) | | | |

കുറിപ്പ് : കോവിഡ് മഹാമാരി പിടിപ്പെട്ടതിനാൽ 04/2020, 05/2020 എന്നീ മാസങ്ങളിലെ വാടക സ.ഉ (സാധാ) നം 276/2020 ഐ.ഡി തീയതി 30.03.2020 പ്രകാരം സർക്കാർ ഇളവ് അനുവദിച്ചു.

അപാകതകൾ

1. ഗ്രാമപഞ്ചായത്തിന്റെ വിവിധ ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ കുത്തകക്കാരുമായി ₹200/- മുഖവിലയുള്ള മുദ്രപ്പത്രത്തിൽ കരാർ ചമയ്ക്കേണ്ടതായിരുന്നു. അനാവശ്യ നിയമപ്രശ്നങ്ങളും കോടതി വ്യവഹാരങ്ങളും ഒഴിവാക്കുന്നതിന് നിയമപ്രകാരമുള്ള കരാർ അനിവാര്യമാണെന്നിരിക്കെ കരാറില്ലാതെ മേൽ സ്ഥാപനങ്ങളെ കുത്തകക്കാരായി തുടരാൻ അനുവദിച്ച നടപടി ക്രമപ്രകാരമല്ല. അനധികൃതമായി തുടരാനനുവദിച്ചതിനാൽ സംസ്ഥാന സർക്കാറിന് മുദ്രപ്പത്രത്തീരുവയിനത്തിൽ ₹800/- നഷ്ടമുണ്ടായി.

2. 18% ജി.എസ്.ടി.-യും അതിന്റെ ഒരു ശതമാനം പ്രളയ സെസ്സും അടക്കം കുടിശിക തുക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. കരാറിലേർപ്പെടാത്തതിനാലും തുക ഈടാക്കാത്തതിനാലും വാടകയിനത്തിൽ ₹326466/- ഗ്രാമപഞ്ചായത്തിന് നഷ്ടമായി മാറിയിരിക്കുകയാണ്. തുടർച്ചയായി കുടിശ്ശിക വരുത്തുന്നവർക്ക് കടമുറികൾ വാടകയ്ക്ക് നൽകരുതെന്ന വ്യവസ്ഥ ലംഘിച്ച് ഇവർക്ക് തുടർന്നുള്ള വർഷങ്ങളിലും കരാറിലേർപ്പെടാതെതന്നെ വാടകയ്ക്ക് നല്കിയിരിക്കുന്നതായി രജിസ്റ്ററിൽ കാണുന്നു. വാടക സംബന്ധിച്ച ബൈലോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3. വാടക യഥാസമയം പിരിച്ചെടുക്കാത്തതിനാൽ 2019-20 വരെ ₹918,971/- കുടിശ്ശികയായി (2020-21 ലെ AFS - Schedule: B-15 പ്രകാരം). ₹918,971/- കുടിശ്ശിക വരുത്തിയവരെ സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലുകളും വാടക രജിസ്റ്ററിൽ ഇല്ല. കടമുറികളുടെ വാടക ദീർഘ കാലയളവിൽ കുടിശ്ശിക വരുത്തുന്നവരെ മാറ്റി നിർത്തി കടമുറി ലേലം ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടാവുന്നു. 2020-21 ലും ഈ പ്രവണത തുടർന്നതിനാൽ വാടകയിനത്തിൽ ₹326466/- ഉം ജി.എസ്.ടി ഇനത്തിൽ ₹58764/-ഉം പ്രളയ സെസിനത്തിൽ ₹587/-ഉം മുദ്രപ്പത്രത്തീരുവയിനത്തിൽ ₹800/-ഉം നഷ്ടമുണ്ടായി.

കരാറിലേർപ്പെടാത്തെ തുടർച്ചയായി കുടിശ്ശിക വരുത്തുന്നവർക്ക് കടമുറികൾ വാടകയ്ക്ക് അനുവദിച്ചത് മൂലമുണ്ടായ നഷ്ടം ₹386617/- (326466+58764+587+800) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/06.01.2022) മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ - അധിക തുക നൽകിയിരിക്കുന്നു

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| പ്രോജക്ട് നമ്പർ | 591/21 -ധനകാര്യകമ്മീഷൻ അവാർഡ് |
| അടങ്കൽ | ₹ 900000/- |
| ബിൽ റഫറൻസ് നമ്പർ | 20100252013800725/11.11.2020-₹753145/- |
| അളവ് ബുക്ക് നം | 43/20-21 |
| കരാറുകാരൻ | ശ്രീ . അനീഷ്കുമാർ (₹696416/ -) |
| കരാർ നം. | 6/AE/LSGD/VPR/2020-21 തീയതി. 01.06.2020 |

മാലിന്യ സംസ്കരണ പ്ലാന്റിന്റെ കെട്ടിടം നിർമ്മിക്കുന്നതിനായുള്ളതാണ് ഈ പദ്ധതി. മേൽ പ്രവൃത്തിയുടെ അളവ് ബുക്ക് പ്രകാരമുള്ള ആകെ മൂല്യം ₹639683/-ആണ്. ഇതിന്റെ കൂടെ 12% ജി എസ് ടി ഉൾപ്പെടെ ആകെ അനുവദിക്കാവുന്ന തുക ₹716445.29 മാത്രമാണ്. എന്നാൽ മേൽ ബില്ല് പ്രകാരം ₹753145/- നൽകിയതിനാൽ ₹36699.70 അധികമായി നൽകിയിരിക്കുന്നു. ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് അന്വേഷണം നമ്പർ 14/06.01.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക ₹36700/- ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

### 3-2 ജൈവ പച്ചക്കറികൃഷി (മൺചട്ടിയിൽ)- യൂണിറ്റ് കോസ്റ്റിൽ അധിക നിരക്കിൽ തുക അനുവദിച്ചു

പ്രോജക്ട് നം.എസ് 209/21 അടങ്കൽ തുക ₹787500/-
ബിൽ നം.20100252009001437074/30.03.2021 ₹180000/-

തൻവർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിൽ വണ്ടിപെരിയാർ ഗ്രാമപഞ്ചായത്ത് കാർഷിക കർമ്മസേനയിൽ നിന്ന് പോട്ടിംഗ് മിശ്രിതം നിറച്ച ഒരു ചട്ടിയ്ക്ക് ₹150/- എന്ന കണക്കിൽ 20 ചട്ടികൾ അടങ്ങുന്ന ഒരു യൂണിറ്റിന് ₹3000/- എന്ന നിരക്കിൽ 80 യൂണിറ്റുകൾ വാങ്ങി 80 ഗുണഭേക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. (ബിൽ നം. 101/16.03.2021, തുക ₹240000/-). പ്രസ്തുത തുകയുടെ അനുവദനീയമായ 75% സബ്സിഡി തുകയായ ₹180000/- മേൽ നമ്പർ ബിൽ പ്രകാരം നൽകിയിട്ടുണ്ട്.

കൃഷി ഓഫീസർ ലഭ്യമാക്കിയ രേഖകൾ പ്രകാരം, 2020-21 സാമ്പത്തിക വർഷത്തിൽ പോട്ടിംഗ് മിശ്രിതം നിറച്ച ഗ്രോബാഗ്/ചട്ടി എന്നയിനത്തിന്റെ ഇടുക്കി ജില്ലാതലത്തിൽ നിർണയിച്ച യൂണിറ്റ് കോസ്റ്റ് ₹80/- മാത്രമാണ്. അതിൻ പ്രകാരം ഒരു യൂണിറ്റിന് അനുവദിക്കാവുന്ന പരമാവധി തുക ₹1600/- മാത്രമാണ്. സബ്സിഡിയായി പരമാവധി നൽകാവുന്ന തുക യൂണിറ്റ് കോസ്റ്റിന്റെ 75% തുകയായ ₹1200/-മാത്രമാണ്. അധികരിച്ച നിരക്കിൽ തുക അനുവദിച്ചതുവഴി ഗ്രാമ പഞ്ചായത്തിന് നഷ്ടമുണ്ടായിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഒരു യൂണിറ്റിന്റെ വില (20x150) | 3000 |
| 80യൂണിറ്റിന്റെ വാങ്ങിയ വില (80x3000) | 240000 |
| അനുവദിച്ച സബ്സിഡി തുക (75%) (2250x80) | 180000 |
| ഒരു യൂണിറ്റിന് അനുവദിക്കാവുന്ന തുക (20x80) | 1600 |
| ആകെ അനുവദിക്കാവുന്ന സബ്സിഡി തുക (1200x80) | 96000 |
| അധികമായി നൽകിയ തുക (180000-96000) | 84000 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/ 06.01.2022) മറുപടി ലഭിച്ചില്ല.
1994-ലെ കേരള ലോക്കൽ ഫണ്ട് നിയമത്തിലെ സെക്ഷൻ 2(എൽ)-ൽ സൂചിപ്പിക്കുന്ന പ്രകാരമുള്ള വീഴ്ച ഉണ്ടായതിനാൽ ₹84000/- ഗ്രാമ പഞ്ചായത്തിന് നഷ്ടമായി മാറിയിരിക്കുന്നു. നഷ്ട തുക പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക അനുവദിച്ച നിർവഹണ ഉദ്യേഗസ്ഥനായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കുന്നതിന് പ്രസ്തുത നിയമത്തിലെ സെക്ഷൻ 16(1) പ്രകാരം സർചാർജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | വാർഷിക ഓഡിറ്റിനൊപ്പം പരിശോധിച്ചു | - |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ധനസഹായം

ഇല്ല

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പാ തിരിച്ചടവ്

തൻവർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ ₹32940000/-യുടെ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | ലഭിച്ച വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷം എടുത്ത വായ്പ ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ (കെ.യു. ആർ. ഡി. എഫ്. സി) | ലഭ്യമല്ല | 168140000 | 158934148 | 32940000 | 17370118 | -- | 174504030 |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്-23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1997-98 | 3-39 | 2000-01 | ക്ലബ്ബുകൾക്ക് വർത്തമാന പത്രം | നിലവിൽ തുടരുന്നു |
| | 3-42 | 2000-01 | പദ്ധതി നിർവ്വഹണത്തിൽ വ്യാപക അഴിമതി | " |
| | 3-42(1) | 2000-01 | കുഴൽ കിണർ നിർമ്മാണം | " |
| | 3-42(2) | 2000-01 | സിനി സ്റ്റുഡിയോ പാറമട റോഡ് നിർമ്മാണം | " |
| | 3-42(3) | 2000-01 | ടെയ്‌ലറിംഗ് യൂണിറ്റ് | " |
| | 3-42(4) | 2000-01 | ടെലിവിഷൻ പ്രോജക്ട് | " |
| | 3-42(5) | 2000-01 | ഏഴാം വാർഡിലെ ജലസേചന പദ്ധതി | " |
| | 3-42(6) | 2000-01 | കാപ്പിപ്പൊടി നിർമ്മാണ യൂണിറ്റ് | " |
| | 3-42(7) | 2000-01 | ഓട നിർമ്മാണം | " |
| | 3-42(8) | 2000-01 | അർണ്ണക്കൽ ക്ഷേത്രം - ശബരിമല റോഡ് ടാറിംഗ് | " |
| 2003-04 | 2-1 | 2006-07 3.35.3 | രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കാത്തത് | " |
| 2006-07 | 3-7 | 2010-11 5.2.21(1) | ജലസേചന പദ്ധതിക്ക് പാഴ്ച്ചെലവ് | " |
| | 3-8 | 2010-11 5.2.21(2) | ജലസേചന പദ്ധതി - പാഴ്ച്ചെലവ് | " |

| | | | | |
|---|---|---|---|---|
| | ലഘു അവലോകന റിപ്പോർട്ട് | 2014-15 4.1.14 | ഇ-ടോയ്‌ലെറ്റുകളും ശൗചാലയങ്ങളും പ്രയോജനപ്പെടുത്തുന്നില്ല | " |
| 2014-15 | 2-4 | 2016-17 അനുബന്ധം 3 | വസ്തുനികുതി അപാകതകൾ | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2001-02 | 6 | ശ്രീ പി.കെ വിജയൻ, സെക്രട്ടറി | LF.8508/ Spl.cell/ SC2/ 05(1) Dt. 8.12.05 | 18403 | | | | | | 18403 | |

ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 32(2), 33, 42, 43, 44, 46, 47 | എ. എഡിസൺ, സെക്രട്ടറി | LF.9389/ Spl.cell SC2/02 Dated 30.06.03 | 14195 | | | | | | 14195 | |
| 2 | 1999-00 | 35, 46(a), 57 | എം. കറുപ്പ് സാമി, | LF.6866/ SC2/03 Dated 25.2.04 | 4914 | | | | | | 4914 | |
| 3 | | | എ. എഡിസൺ, സെക്രട്ടറി | LF.6866/ SC2/03 Dated 15.3.04 | 7300 | | | | | | 7300 | |
| 4 | 2005-06 | 3-7 | റോബിൻസൺ, സെക്രട്ടറി | LF.17353/ Spl.cell/ SC2/09 Dated 02.12.10 | 26626 | | | | | | 26626 | |
| 5 | 2007-08 | 3-1 Part | കെ.കെ. ശശിധരൻ പിള്ള, എ.ഇ | LF.14934/ Spl.cell/ CSC/ C1/12 Dated 22.2.14 | 2907 | | | | | | 2907 | |
| 6 | | | എസ്. രാജേന്ദ്രൻ, | LF.14934/ Spl.cell/ | 2907 | | | | | | 2907 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | എ.ഇ | CSC/ C1/12 Dated 22.2.14 | | | | | | | | |
| 7 | 2011-12 | 3-2 | ശ്രീ എ. സി. മനോജ്, വി. ഇ.ഒ | KSA 12588/Spl. Cell/CSC /C1/2015 Dated 6.12.2017 | 28490 | | | | | | 28490 | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് | ₹39375987 |
| തൻവർഷത്തെ ആകെ വരവ് | ₹232833897 |
| ഒട്ടാകെ | ₹272209884 |
| തൻവർഷത്തെ ആകെ ചെലവുകൾ | ₹250286208 |
| നീക്കിയിരിപ്പ് | ₹21923676 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹386617 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹120700 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹2519226 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 326466 | | ശ്രീ. എസ്.എൻ അജിത്ത്, സെക്രട്ടറി |
| 3-1 | | 36700 | ശ്രീ. അഭിലാഷ് പി.ശശി, അസി.എൻജിനീയർ |
| 3-2 | | 84000 | ശ്രീ. പ്രശാന്ത് ബി, കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 150000 | ഡോ. ഡോൺബോസ്കോ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 1-17 | 428561 | ശ്രീ. എസ്.എൻ. അജിത്ത്, സെക്രട്ടറി |
| 1-18 | 200000 | ശ്രീ. എസ്.എൻ. അജിത്ത്, സെക്രട്ടറി |
| 1-21 | 394750 | ശ്രീ. ടി. ത്യാഗരാജൻ, വി.ഇ.ഒ |
| 1-27 | 325000 | ശ്രീ. ടി. ത്യാഗരാജൻ, വി.ഇ.ഒ |
| 1-28 | 312500 | ശ്രീ. പ്രശാന്ത് ബി. കൃഷി ഓഫീസർ |
| 1-30 | 255240 | ശ്രീ. എസ്.എൻ അജിത്ത്, സെക്രട്ടറി |
| 1-36 | 64675 | ശ്രീമതി. ഉഷാരാജു ഐ.സി.ഡി.എസ് സൂപ്പർവൈസർ |

| | | |
|---|---|---|
| 1-38 | 388500 | ശ്രീ. ടി. ത്യാഗരാജൻ, വി.ഇ.ഒ |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നിജപ്പെടുത്തിയ നഷ്ടം ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 60151 | ശ്രീ. എസ്.എൻ അജിത്ത് സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എസ്.എൻ. അജിത്ത് സെക്രട്ടറി | സെക്രട്ടറി, വിളക്കുടി ഗ്രാമപഞ്ചായത്ത് | ലക്ഷ്മീ നാരായൺ<br>പ്ലാക്കാട്<br>ആദിച്ചനെല്ലൂർ പി.ഒ.<br>കൊല്ലം |
| ശ്രീ. അഭിലാഷ് .പി.ശശി<br>അസി.എൻജിനിയർ | അസി.എൻജിനിയർ LID &EW വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് | എസ് പി ഭവൻ<br>മുളനിന്ന<br>കാഞ്ഞിരംകുളം പി ഒ<br>തിരുവനന്തപുരം |
| ശ്രീമതി. ഉഷാരാജു ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | വിരമിച്ചു | പാറയിൽ<br>ടെമ്പിൾ സ്ട്രീറ്റ്<br>വണ്ടിപ്പെരിയാർ |
| ശ്രീ. ടി. ത്യാഗരാജൻ<br>വി.ഇ.ഒ | വി ഇ ഒ വണ്ടിപ്പെരിയാർ | ചരുവിള<br>കുറ്റിപ്ലങ്ങാട്<br>കൊക്കയാർ |
| ഡോ. ഡോൺ ബോസ്കോ, മെഡിക്കൽ ഓഫീസർ<br>സി.എച്ച്. സി | ലഭ്യമല്ല | ചേലത്തറ വീട്, അർത്തുങ്കൽ പി.ഒ.<br>ചേർത്തല |
| ശ്രീ. പ്രശാന്ത് ബി, കൃഷി ഓഫീസർ | ലഭ്യമല്ല | പാഞ്ചിറ കിഴക്കും കര,<br>പുത്തൻവീട്,<br>വലിയറ,<br>വെള്ളനാട് പി.ഒ.<br>തിരുവനന്തപുരം |

4-11 തീർപ്പാക്കാനുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക |
|---|---|---|---|
| 1968-69 | എൽ.എഫ്.ഐ-5/964/80/ 20.02.1997 | | |
| 1996-97 | എൽ.എഫ്.ഐ-6/401/98/ 30.01.1999 | | |
| 1997-98 | എൽ.എഫ്.ഐ-6/25/2000/ 03.07.2004 | 5 | 3,11,24,30,42,3-39 |
| 1998-99 | എൽ.എഫ്.ഐ-6/ 131/01/26.03.2001 | 14 | 20(സി),25,26,30, 32,33,35,37,42,43, 44,45,46,47 |
| 1999-00 | എൽ.എഫ്.ഐ-6/ 82/03/14.03.2003 | 24 | 9,13,14,20,21,22, 23,24,25,30,31, 35,34,40,41,42,46, |

| | | | |
|---|---|---|---|
| | | | 50,51,53,54,55, 56,57,58,50,60 |
| 2000-01 | എൽ.എഫ്.ഐ-6/ 737/02/27.06.2003 | 34 | 20-53 |
| 2001-02 | എൽ.എഫ്.ഐ-6/ 718/03/ 13.10.2004 | 11 | 2-1(എ), 2-6, 2-9 2-11, 2-16-2-20, 3-17 |
| 2002-03 | എൽ.എഫ്.ഐ-6/ 456/05/07.02.2006 | 16 | 2-10,3-7-3-9, 3-11,3-14,3-19,3-20 3-25, 3-27,3-29,3-30 |
| 2003-04 | എൽ.എഫ്.ഐ-6/ 863/06/01.03.2007 | 5 | 3-2,3-4-3-7 |
| 2004-05 | എൽ.എഫ്.ഐ-6/ 933/07/05.04.2008 | 2 | 3-1, 3-2 |
| 2005-06 | എൽ.എഫ്.ഐ-6/ 488/08/12.01.2008 | 14 | 2-3, 2-4,3-2-3-13 |
| 2006-07 | എൽ.എഫ്.ഐ-6/ 391/11/20.07.2011/ 29.09.2011 | 19 | 2-2, 2-3,2-4,2-5, 2-6,2-7,2-8,2-9, 3-1,3-2,3-3,3-4,3-5,3-6, 3-7,3-8,3-9, 3-10,3-11 |
| 2007-08 | എൽ.എഫ്.ഐ-6/299/2012 / 01.06.2012/05.07.2012 | 13 | 2-2,2-3,2-4,2-5, 2-6,2-7,3-1,3-2, 3-3,3-4,3-5,3-6,3-8 |
| 2008-09 | എൽ.എഫ്.ഐ-8/1225/ 11/15.106.2013 /13.01.2014 | 15 | 2-1,2-2,2-3,2-4, 2-5,3-1,3-2,3-3, 3-4,3-5,3-6,3-7, 3-8,3-9,3-10 |
| 2009-10 | എൽ.എഫ്.ഐ-8/875/12/ 15.10.2013/08.01.2014 | 15 | 2-2,2-3,2-4,3-1, 3-2,3-3,3-4,3-5, 3-6,3-7,3-8,3-9, 3-10,3-11,3-12 |
| 2010-11 | എൽ.എഫ്.ഐ-8/520/20/ 06.06.2014/17.09.2014 | 9 | 2-1,3-1,3-2,3-3, 3-4,3-5,3-6,3-7,3-8 |
| 2011-12 | എൽ.എഫ്.ഐ-8/366/2015/ 10.06.2015 | 20 | 2-2,2-4,3-1,3-2, 3-3,3-4, 3-5,3-6,3-7,3-8, 3-9, 3-10,3-11,3-12,3-13,3-14, 3-15,3-16,3-17,3-18 |
| 2012-13 | എൽ.എഫ്.ഐ-8/1128/ 2015/31.12.2015 | 4 | 2-4,3-1,3-2,3-3 |
| 2013-14 | കെ.എസ്.എ.-ഐ.ഡി.കെ. 8/1140 /15/തീ.31.08.2016 | 15 | 2-1,2-2,3-1,3-2,3-3, 3-4,3-5,3-6,3-7, 3-8,3-9,3-10,3-11, 3-12,3-13,3-14 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-8/289/2017 /തീ.14.03.2017 | 16 | 2-1,2-2,2-3,2-4,2-5, 2-6,2-7,2-8,2-9,2-10, 2-11,3-1,3-2,3-3,3-4,3-5 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ- 6/506/2017തീ.19.04.2017 | 10 | 2-1,2-2,3-1,3-3,3-5, 3-6,3-7,3-8,3-9,3-10 |
| 2016-17 | കെ.എസ്.എ,ഐ.ഡി.കെ-6/1647/2017/തീ 21.03.2018 | 14 | 2-1,2-2,2-3,2-4,2-5, 3-1,3-2,3-5,3-6, 3-7,3-8,3-9,3-10,3-13 |
| 2017-18 | കെ.എസ്.എ,ഐ.ഡി.കെ-6/54/2019/തീ 14.02.2019 | 8 | 2-4, 3-1, 3-2, 3-3, 3-4, 3-5, 3-8, 3-11 |
| 2018-19 | കെ.എസ്.എ,ഐ.ഡി.കെ-8/275/2020/തീ 25.05.2020 | 27 | 1-11 മുതൽ 1-33 വരെ, 3-1,4-8,4-9,4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്